15. *Powers and duties of the Governing Council.*— The Governing Council shall have the following powers and duties, namely:-

(a) it shall be responsible for taking all policy decisions;

(b) it shall chalk out a perspective plan for the implementation of the policies, evolve various programmes to be implemented and determine the priorities of such programmes for implementation;

(c) it shall approve the annual budget and the audited statement of expenditure in such manner as may be prescribed;

(d) it shall make a self-appraisal of its performance and prepare its annual report showing details of its academic performance;

(e) it shall give such directions to the Executive Committee, as may be necessary for the effective functioning of the Council in accordance with its objectives;

(f) it shall with prior approval of the Government frame regulations in accordance with this Ordinance and the rules made thereunder;

(g) it shall be competent to decide the general norms for the devolution of block grants to the Universities by the Government;

(h) it shall be competent to devise measures for the academic and financial accountability of the Universities, and other institutions of higher learning in the State;

(i) it shall be competent to advise the Government to implement the decisions of the Council on all institutions of higher learning including Universities, colleges and other institutions of higher learning in the State;

(j) it shall have such other powers as may be prescribed for the effective implementation of the programmes for the furtherance of the objectives of this Ordinance;

(k) it shall meet, as often as may be necessary, at such time and place and observe such rules of procedure as may be provided in the regulations, provided that it shall meet at least twice a year;

(l) it shall have power to act, notwithstanding any vacancy in the membership or any defect in the constitution thereof, and the proceedings of the Governing Council shall be valid notwithstanding that some person, who was not entitled to be a member, had sat, or otherwise had taken part in the proceedings of the Governing Council.

16. *The Executive Council.-* There shall be an Executive Council for the Council consisting of the following members of the Governing Council, namely:-

(a) The Vice-Chairman;

(b) The Member Secretary;

(c) One of the Vice-Chancellors, nominated by rotation by the Government for a period of one year;

(d) Five educationalists nominated under clause (d) section 14;

(e) The Secretary to Government, Higher Education Department, *Ex-officio;*

17. *Powers and duties of the Executive Council.-* The Executive Council shall have the following powers and duties, namely:-

(a) it shall be competent to take decisions on behalf of the Council, subject to the concurrence by the Governing Council in all matters with policy implications;

(b) it shall incur such expenses in order to fulfill the objectives set out in the Ordinance and carry out all decisions taken by the Governing Council;

(c) it shall nominate one of its members to the Syndicate of each University in order to ensure the effective communication and co-ordination of the suggestions and guidelines of the Council;

(d) it shall present before the Advisory Council the annual academic and financial audit reports of the Council for its perusal;

(e) it shall present before the Governing Council annual academic and financial audit reports of the State Higher Education Council for its approval;

(f) it shall have such other powers, functions and duties as may be prescribed.

18. *Special Invitees:-*

(1) The Vice-Chairman of the Council may, for the purpose of carrying out the objectives of this Ordinance, invite in writing any person who is not a member of the Council to take part in the deliberations of particular meetings of the Advisory Council, Governing Council or Executive Council for specific purposes as special invitees and such invitees shall have no right to vote in the meetings.

(2) The Special Invitees shall be paid from and out of the funds of the Council such sums as may be decided by the Vice-Chairman.

19. *Meetings.-*

(1) The meetings of the Advisory Council, the Governing Council and the Executive Council shall be convened by the Member Secretary on the advice of the Vice-chairman.

(2) The quorum for the meetings of the Advisory Council, the Governing Council and the Executive Council shall be one third of the filled up membership in each body and decisions may be taken in the meetings by simple majority of those present and voting.

20. *Terms and Conditions of Service of the Vice Chairman, Member Secretary, Registrar and Members.-* (1) The Vice Chairman, Member Secretary, Registrar, and Members other than the Member of the Executive Council nominated under clause (c) of Section 16, unless removed from the office in accordance with the provisions of this Ordinance, shall hold office for the entire term of the Council. They shall be eligible for re-appointment or re-nomination for a further term of four years, as the case may be.

(2) The Vice-Chairman, Member Secretary or Members, may in writing under his signature, addressed to the Chairman, resign his membership from the Council:

Provided that he shall continue to hold such office until his resignation is accepted and communicated in writing.

(3) Subject to the provisions of this section, the other terms and conditions of service of the Vice-Chairman, Member Secretary, Registrar, and Members shall be such as may be prescribed.

(4) The Vice-Chairman, Member Secretary and Registrar shall exercise such other powers and perform such other functions as may be prescribed.

21. *Removal from Membership of the Council.-* If, at any time, it appears to the Government that an appointed or nominated member has

proved himself to be unfit to hold such office or has been guilty of misconduct or neglect which in the opinion of the Government renders his removal from the membership of the Council, as expedient, the Government may, after giving such member, a reasonable opportunity of showing cause as to why he shall not be removed from the Council and after examining the same decide whether to continue or remove such member, as the case may be, in or from his membership and in case of such removal from the membership of the Council it shall be made by notification.

22. *Filling up of Casual Vacancy.*- If a casual vacancy arises in the office of a nominated or appointed Member either by reason of his death, resignation, removal or otherwise, such vacancy shall be filled up by the Government by nomination or appointment and such Member shall hold office only for the remainder of the term of the Member in whose place he was nominated or appointed, as the case may be.

23. *Protection of acts done in the good faith.*- No suit, prosecution or other legal proceeding shall lie against the Council or any member or officer or employee of the Council for anything which is done or intended to be done in good faith in pursuance of the provisions of this Ordinance or any rules or regulations made thereunder.

24. *Staff of the Council.*- The Council shall, with prior approval of the Government appoint such officers and staff, as it deems necessary for the discharge of its functions under this Ordinance. The terms and conditions of service of the officers and staff of the Council shall be such as may be specified in the regulations to be framed by the Council.

25. *Funds of the Council.*- (1) The funds of the Council shall include all sums which may, from time to time, be paid to it by the Government and all other receipts including any sum from the Central Government, any State Government, the University Grants Commission or any other authority, institutions or person.

(2) The Government may pay to the Council every financial year such sums as may be considered necessary for the functioning of the Council and for the discharge of its responsibilities and duties.

(3) All expenditure incurred by the Council under or for the purposes of this Ordinance shall be defrayed from out of the Fund and any surplus remaining, after such expenditure has been met, shall be invested in such manner as may be prescribed.

26. *Annual Accounts and Audit*.- (1) The accounts of the Council shall be maintained in such manner and in such form as may be prescribed.

(2) The Council shall prepare an Annual Statement of Accounts in such form as may be prescribed

(3) The accounts of the Council shall be audited once a year by such auditor as the Government may appoint in this behalf.

(4) The auditor appointed under sub-section (2) shall, for purposes of audit, have such rights, privileges and authority as may be prescribed.

(5) The Member-Secretary to the Council shall cause the annual audit report to be printed and forward a printed copy thereof to each member and shall place such report before the Governing Council for consideration at its next meeting.

(6) The Governing Council shall take appropriate action forthwith to remedy any defect or irregularity that may be pointed out in the audit report.

(7) The accounts of the Council as certified by the auditor together with the audit report along with the remarks of the Governing Council thereon shall be forwarded to the Government within such time as may be prescribed.

(8) The Government shall, as soon as may be after the receipt of the annual accounts together with the audit report under sub section (7), cause the same to be laid before the Legislative Assembly.

27. *Annual Report.*- (1) The Council shall prepare for every year a report of its activities under this Ordinance during that year and submit the report to the Government in such form as may be prescribed.

(2) The Government shall, as soon as may be after the receipt of a report under sub section (1), cause the same to be laid before the Legislative Assembly.

28. *Members and staff of the Council to be public servants.*-(1)The Chairman, Vice-Chairman, members, officers and staff of the Council shall be deemed, when acting or purporting to act in pursuance of any of the provisions of this Ordinance, or any rule or regulation or order or direction made or issued under this Ordinance shall be deemed to be public servants within the meaning of Section 21 of

K.V. Dominic
*Newman College, Thodupuzha*

# Gods will be Pleased



Sacred ornaments of Krishna are stolen.
Elsewhere,
The golden rosary of Our Lady was missing;
Sleeplessness for the police;
No trace is found;
The devotees say the gods are angry hence.
The gods must be gold crazy!
How foolishly people attribute
Their weaknesses to their gods!
The priests in golden robes
Dressing gods in golden clothes
Exploit people's weaknesses.
Take all ornaments from the temples and churches;
Turn them food and serve to hungry mouths.
And GODS WILL BE PLEASED.

---

**the Indian Penal Code. (Central Act 45 of 1860)**

29. *Overriding Effect of the Ordinance.-* (1) The provisions of this Ordinance or any rule made thereunder shall have effect notwithstanding any thing inconsistent therewith contained in any law, other than this Ordinance or in any instrument having effect by virtue of any law other than this Ordinance or in any decree or order of any court or other authority

30. *Power to make rules.-* **(1) The Government may, by notification make rules either prospectively or retrospectively, for carrying out all or any of the purposes of this Ordinance.**

(2) Every rule made under this Ordinance shall be laid, as soon as may be after it is made, before the Legislative Assembly, while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any amendment in the rule or decides that the rule should not be made, the rule shall, thereafter, have effect only in such form as amended or be of no effect, as the case may be; so, however, that any such amendment or annulment shall be without prejudice to the validity of anything previously done under that rule.

31. *Power to remove difficulties.-* (1) If any difficulty arises in giving effect to the provisions of this Ordinance, the Government may, by order, as occasion may require, do anything not inconsistent with the provisions of this Ordinance which appears to them to be necessary or expedient for the purpose of removing the difficulty.

(2) Every order issued under sub-section (1) shall, as soon as may be after it is made, be laid before the Legislative Assembly.

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818

# സെക്രട്ടറിയേററ് മാർച്ചും ധർണ്ണയും നടത്തി

കേരളത്തിലെ പ്രൈവററ് (എയ്ഡഡ്) കോളജുകളിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 2007 ജനുവരി 20-ാം തിയതി എ.കെ.പി.സി.ടി.എ യുടെ ആഭിമുഖ്യത്തിൽ സെക്രട്ടറിയേററ് മാർച്ചും ധർണ്ണയും നടത്തി.

സ്വാശ്രയനിയമം സംരക്ഷിക്കുക, 1998 മുതൽ ആരംഭിച്ച എയ്ഡഡ് കോഴ്സുകൽ റഗുലറൈസ് ചെയ്യുക, പുതിയതായി നിയമനം ലഭിക്കുകയും സർവ്വകലാശാല അംഗീകാരം നൽകുകയും ചെയ്ത അദ്ധ്യാപകരുടെ ശമ്പളം വിതരണം ചെയ്യുക, അദ്ധ്യാപകരുടെ പ്ളേസ്മെന്റ് പ്രൊമോഷൻ അനുവദിച്ചുകൊണ്ട് ശമ്പളം നൽകുക, പി. എഫ്. ക്രഡിററ് കാർഡ് എല്ലാ അദ്ധ്യാപകർക്കും ലഭ്യമാക്കുക, 50% ക്ഷാമബത്ത അടിസ്ഥാനശമ്പളത്തിൽ ലയിപ്പിക്കുക, തുടങ്ങിയ ആവശ്യങ്ങളാണ് അദ്ധ്യാപകർ ഉന്നയിച്ചത്.




ധർണ്ണ സി. പി. ഐ. (എം) സെക്രട്ടറിയേററംഗം ശ്രീ. വി. വി. ദക്ഷിണാമൂർത്തി ഉദ്ഘാടനം ചെയ്തു. 1997 ൽ പ്രിഡിഗ്രി വിദ്യാഭ്യാസം സർവ്വകലാശാലാ വിദ്യാഭ്യാസത്തിൽ നിന്ന് വേർപെടുത്തിയത് ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണ്. ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടി ലക്ഷ്യം വച്ചുകൊണ്ടാണ് മുൻ ഇടതുപക്ഷ മുന്നണി സർക്കാർ ഈ മാററം വരുത്തിയത്. പക്ഷെ 2001 ൽ വന്ന യു. ഡി. എഫ്. സർക്കാർ ഇതിനനുസൃതമായ നടപടികൾ തുടങ്ങുന്നതിനുപകരം അൺ എയ്ഡഡ് വ്യാപനത്തിലൂടെ പൊതുസ്ഥാപനങ്ങളെ തകർക്കുന്ന വിധത്തിലുള്ള നടപടികളാണ് തുടർന്നത്. നിയമനവും പ്രൊമോഷനും ലഭിച്ച അദ്ധ്യാപകർക്ക് ശമ്പളം കിട്ടാതിരിക്കുന്ന അവസ്ഥ പരിഹരിക്കപ്പെടേണ്ടതാണ്. പി. എഫ്. ക്രഡിററ് കാർഡ് കിട്ടണമെന്നാവശ്യം ന്യായമാണ്. ഇത്തരത്തിലുള്ള ആവശ്യങ്ങൾ നേടുന്നതിനുവേണ്ടി കൂട്ടായ ശ്രമവും ശക്തമായ സംഘടനയും ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

കെ. എസ്. ടി. എ. സംസ്ഥാന ജനറൽ സെക്രട്ടറി എ. കെ. ചന്ദ്രൻ മാസ്ററർ, ഐഫക്ടോ ദേശീയ പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ്, എൻ. ജി. ഒ. നേതാവ് ശ്രീ. രാജേന്ദ്രൻ, എ. കെ. ജി. സി. ടി. സംസ്ഥാന സെക്രട്ടറി പ്രൊഫ. മാധവൻപിള്ള, എ. കെ. പി. സി. ടി. എ. പ്രസിഡന്റ് പ്രൊഫ. എ. പി. കുട്ടികൃഷ്ണൻ, ജനറൽ സെക്രട്ടറി പ്രൊഫ. ആർ. മോഹൻകുമാർ, കെ. എം. എസ്. ആർ. എ. പ്രസിഡന്റ് കല്ലറ മധു, കെ. ജി. എൻ. എ. നേതാവ് എസ്. രമേശ്, കെ. യു. ഇ. യു. ജനറൽ സെക്രട്ടറി അനിൽകുമാർ തുടങ്ങിയവർ ധർണ്ണയെ അഭിസംബോധന ചെയ്തു സംസാരിച്ചു.



# വിദ്യാധിരാജാ ഹോമിയോ കോളജ് കരിദിനം ആചരിച്ചു

മൂന്നു വർഷമായി ശമ്പളം ലഭിക്കാത്തതിലും സ്റ്റാഫ് ഫിക്സേഷനിലെ അപാകതകൾ പരിഹരിക്കാത്തതിലും പ്രതിഷേധിച്ച് ശ്രീവിദ്യാധിരാജാ ഹോമിയോ കോളജിൽ എ കെ പി സി ടി എ യുടെ നേതൃത്വത്തിൽ അധ്യാപകരും വിദ്യാർത്ഥികളും കരിദിനം ആചരിച്ചു.

ശ്രീവിദ്യാധിരാജാ ഹോമിയോ കോളജിൽ 46 അധ്യാപകർ വർഷങ്ങളായി ജോലി ചെയ്യുന്നു. മററ് ഹോമിയോ കോളജുകളിൽ 48 നു മുകളിൽ അധ്യാപകരുടെ സർവീസ് റെഗുലറൈസ് ചെയ്യുകയും സർക്കാർ ശമ്പളം നൽകുകയും ചെയ്യുന്നുണ്ട്. എല്ലാ ഹോമിയോ കോളജിലെയും ഒരു ബാച്ചിലെ വിദ്യാർത്ഥികളുടെ എണ്ണം ഒരുപോലെയാണ്. അതുകൊണ്ടുതന്നെ സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതിയുടെ മാനദണ്ഡങ്ങൾ പാലിച്ച് വർഷങ്ങളായി ജോലിചെയ്യുന്ന 46 അധ്യാപകരുടെയും സർവീസ് അടിയന്തരമായി റെഗുലറൈസ് ചെയ്ത് ശമ്പളം ലഭ്യമാക്കണമെന്ന് എ കെ പി സി ടി എ ആവശ്യപ്പെട്ടു. കോളജിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്ന് വിദ്യാർത്ഥി യൂണിയനും ആവശ്യപ്പെട്ടു.


**MEDI TECH SYSTEMS**

Behind Salvation Army Church, Paris Road
Bakery Junction, Trivandrum- 695014
E-mail:meditech@rediffmail.com
Phone: 0471-2322447 (O),
Tele / Fax: 0471-2321644
Mob: 9847062644




*With best compliments*

**Alleppey Sports Industries**

MULLACKAL, ALAPPUZHA
PHONE: 0477-2261726

എം.എസ്.വസന്തകുമാർ
എസ്.എൻ.കോളേജ്,കൊല്ലം

# ഒരു നരാധമന്റെ തിരോധാനം

തെക്കേ അമേരിക്കയുടെ പസഫിക് തീരം 4350 കിലോമീററർ നീളത്തിലും 177 കിലോമീററർ വീതിയിലും 756942 ചതുരശ്രകിലോമീററർ വിസ്തീർണത്തിലും ചിലി എന്ന രാജ്യമാകുന്നു. വടക്ക് പെറുവും ബൊളീവിയയും കിഴക്ക് അർജന്റീനയും പടിഞ്ഞാറ് പസഫിക് സമുദ്രവുമാണ് ചിലിക്ക് ഉള്ളത്. ആൻഡെസ് പർവ്വതനിര രാജ്യത്തുടനീളം തെക്ക് വടക്ക് വ്യാപിച്ചുകിടക്കുന്നു. കാലാവസ്ഥാ മൂർദ്ധന്യങ്ങളുടെയും ഭൗമ അസ്വാസ്ഥ്യങ്ങളുടെയും ക്ഷിപ്രവൃതിയാനങ്ങൾ, ചരിത്രത്തിലെ സമാന പ്രകമ്പനങ്ങളെന്നപോലെ ചിലിയെ കൂടെക്കൂടെ ഗ്രസിക്കുന്നു.

രണ്ട് ദശാബ്ദക്കാലം ചിലി അടക്കിവാണ ദുർവൃത്തനായ ഒരു ഒരു സ്വേച്ഛാധികാരി ഉണ്ടായിരുന്നു. അഗസ്റ്റോ പിനോഷെ. അയാൾ ഇക്കഴിഞ്ഞ ഡിസംബർ മാസം പത്താംതീയതി മരിച്ചു. അയാൾ ചെയ്തുകൂട്ടിയ നരാധമ പ്രവർത്തികൾ ലിഖിത ചരിത്രത്തിലെ ഞെട്ടിക്കുന്ന അദ്ധ്യായങ്ങളായി അവശേഷിച്ചിരിക്കുന്നു. ഹിററ്ലർക്ക് കൂട്ടക്കൊലയും മനുഷ്യാവകാശ ധ്വംസനവും സ്വേച്ഛായായിരുന്നെങ്കിൽ പിനോഷെയുടെ ദുഷ്ചെയ്തികൾ നല്ലൊരു പരിധിവരെ അമേരിക്കയുടെയും സി ഐ എ യുടെയും പാവ എന്ന നിലയിൽ ആയിരുന്നു നിർവ്വഹിക്കപ്പെട്ടത്. പ്രമുഖരായ തന്റെ ശത്രുക്കളെ അധികാരത്തിന്റെ ഖഡ്ഗം ഉപയോഗിച്ച് ശിരച്ഛേദം ചെയ്യുന്ന നികൃഷ്ട ശൈലി പിനോഷെ രണ്ട് ദശാബ്ദക്കാലം യഥേഷ്ടം വച്ചുപുലർത്തി.

ചിലിയുടെ ആദ്യത്തെ മാർക്സിസ്ററ് പ്രസിഡന്റായി അധികാരത്തിലേറിയ സാൽവഡോർ അലെണ്ടെയെ വധിച്ചതിന്റെ കുപ്രസിദ്ധിയാണ് പിനോഷെയുടെ കിരീടത്തിലെ കറുത്ത തൂവൽ.



*സാൽവഡോർ അലെണ്ടെ*

## സാൽവഡോർ അലെണ്ടെ

ഒരു മെഡിക്കൽ ബിരുദധാരി ആയിരുന്നു അലെണ്ടെ. ഒരു മാർക്സിസ്ററ് പ്രവർത്തകനായിരുന്ന അദ്ദേഹം 1933 ൽ രൂപീകൃതമായ ചിലി സോഷ്യലിസ്ററ് പാർട്ടി സ്ഥാപകരിൽ ഒരാളായിരുന്നു. ചിലിയിൽ 1939 ൽ അധികാരത്തിൽ ഏറിയ സ്വതന്ത്ര ഇടതു സഖ്യത്തിലെ ആരോഗ്യ വകുപ്പ് മന്ത്രിയായിരുന്നു. 1945 ൽ സെനററിലേക്ക് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് വന്ന ദശാബ്ദങ്ങളിലെ തെരഞ്ഞെടുപ്പ് ജയാപജയങ്ങളും കഴിഞ്ഞ് 1970 നവംബറിൽ അദ്ദേഹം ചിലിയുടെ ആദ്യത്തെ മാർക്സിസ്ററ് പ്രസിഡന്റായി.

ചിലിയൻ സാമൂഹ്യവ്യവസ്ഥ സോഷ്യലിസ്ററ് രീതിയിൽ പുനർനിർമ്മിക്കാൻ അദ്ദേഹം ശ്രമം ആരംഭിച്ചു. ധാതു സമ്പന്നമായ ചിലിയിലെ വ്യവസായങ്ങൾ അദ്ദേഹം ദേശസാൽക്കരിച്ചു. (സാൾട്ട് പീററർ അഥവാ പൊട്ടാസിയം നൈട്രേററ് ചിലിയിൽ സമൃദ്ധമാകയാൽ ചിലി സാൾട്ട് പീററർ എന്ന് പരക്കെ അറിയപ്പെടുന്നു). ധാതുസമ്പത്ത് - വിനിയോഗ സ്വാതന്ത്ര്യത്തിന് വേണ്ടി ഭരണഘടന ഭേദഗതി ചെയ്തു. തൊഴിലാളികൾക്ക് കൂടിയ കൂലി പ്രഖ്യാപിച്ചു. ഈ ദൃശ സോഷ്യലിസ്ററ് നീക്കങ്ങൾ അമേരിക്കയുടെ അപ്രീതി നേടി. എന്നാൽ ചൈനയും ക്യൂബയും ചിലിയുടെ സുഹൃത്തുക്കളായി.

അമേരിക്കയുടെ സ്വകാര്യവൽക്കരണ വ്യാപനത്തിന് ചിലിയിലെ അലെണ്ടെയുടെ പുതിയ സോഷ്യലിസ്ററ് മുന്നേററം ഹാനികരമാണെന്ന് അവരുടെ ചാരസംഘടനയായ സി ഐ എ വിലയിരുത്തി. അലെണ്ടെയുടെ ഭരണം മൂന്ന് വർഷം തികയ്ക്കാൻ അവർ ഇടം നൽകിയില്ല. പണപ്പെരുപ്പത്തിന്റെയും മിഡിൽ ക്ലാസ് അസംതൃപ്തിയുടെയും അനാശാസ്യവും കൃത്രിമവുമായ അലകൾ കൊണ്ട് അലെണ്ടെയെ ഉലയ്ക്കുവാൻ അമേരിക്കൻ ഗൂഢതന്ത്രങ്ങൾ അരങ്ങേറി.

അലെണ്ടെ വിശ്വാസം അർപ്പിച്ച് നിയമിച്ച സ്വന്തം സൈനികമേധാവി ആയിരുന്നു അഗസ്റ്റോ പിനോഷെ. അയാളെയായിരുന്നു അലെണ്ടെയുടെ വധത്തിന് അമേരിക്കയുടെ സി ഐ എ, ഗുപ്തസന്നാഹങ്ങളൊരുക്കാൻ നിയോഗിച്ചത്. ചിലിയൻ പ്രസിഡന്റിന്റെ കൊട്ടാരമായ ലാ മൊണേഡ, എയർഫോഴ്സിനെ ഉപയോഗിച്ച് ബോം

ബ് ചെയ്തു തകർത്തു. പല സുപ്രധാന ഗവൺമെന്റ് ആസ്ഥാനങ്ങളും ആ സ്ഫോടനത്തിൽ പൊളിഞ്ഞുവീണു. അലെണ്ടെ അവസാന നിമിഷം വരെ ഈ ചതി ആക്രമണത്തിനെതിരെ പൊരുതി. അലെണ്ടെയുടെ അവസാനവാക്കുകൾ പൊരുതുന്ന ദേശാഭിമാനികളെ ഇന്നും ആവേശം കൊള്ളിക്കുന്നു. "മുഷ്കും വൈപരീത്യമാർന്ന ശക്തിയും കൊണ്ട് ഇപ്പോൾ നമ്മളെ കീഴടക്കാൻ ശത്രുക്കൾക്ക് കഴിഞ്ഞേക്കും. പക്ഷെ സോഷ്യലിസ്റ്റ് ക്രമത്തിലേക്കുള്ള സൽക്രിയകളെ തളർത്താൻ അവർക്ക് കഴിയില്ല. ചരിത്രം നമ്മുടേതാണ്. ചരിത്രം സൃഷ്ടിക്കുന്നത് ജനങ്ങളാണ്." ശത്രുക്കൾ വളയുമ്പോൾ അലെണ്ടെയുടെ കൈകളിൽ ഉണ്ടായിരുന്നത് പ്രിയ സഖാവായ ക്യൂബൻ പ്രസിഡന്റ് ഫിദൽ കാസ്ട്രോ നൽകിയ എ കെ - 47 റൈഫിൾ ആയിരുന്നു. വീര്യവും അഭിമാനവും തന്റെ സിരകളിലേക്ക് സന്നിവേശിപ്പിച്ച ആ വരദാനത്തിന്റെ കാഞ്ചി സ്വയം വലിച്ച് ശത്രുവിന് കീഴടങ്ങാതെ അലെണ്ടെ അമർത്ത്യപ്രകാശമായി.

## പിനോഷെയുടെ അധികാരകാലം

പീഡനത്തിന്റെയും കൊലയുടെയും തേർവാഴ്ച ആയിരുന്നു പിനോഷെ ചിലിയിൽ കാഴ്ചവച്ചത്. മനുഷ്യാവകാശധ്വംസനത്തിന്റെ കുത്തകരാക്ഷസനായി അയാൾ അവിടെ വിളയാടി. ഞെട്ടിക്കുന്ന ക്രൂരതകളുടെ കഥകൾ വിളിച്ചുപറഞ്ഞ് വിമർശമുയർത്തിയ മാർക്സിസ്റ്റ് പ്രവർത്തകർക്ക് അയാൾ നൽകിയ മറുപടി "മനുഷ്യാവകാശ ലംഘനം ഒരു മാർക്സിസ്റ്റ് കണ്ടുപിടിത്തം" എന്നായിരുന്നു.

അയ്യായിരത്തോളം സിവിലിയന്മാരെ പിനോഷെ കൊന്നു. രാഷ്ട്രീയ ശത്രുക്കളെ കൽത്തുറുങ്കിലാക്കി. ഇറാക്കിലെ അമേരിക്കൻ പീഡനം നടക്കുന്ന അബുഗ്രായി



*പിനോഷെ*

ബിനോളം പോരുന്ന പീഡന വൈകൃതങ്ങൾ സാമ്രാജ്യത്വ പിണിയാളനായ ഫാസിസ്റ്റ് ഏജന്റ് പിനോഷെ, ചിലിയിൽ നടത്തിക്കൂട്ടി. 27000 പേർ ഇത്തരത്തിൽ മാനസിക ശാരീരിക പീഡകൾക്ക് വിധേയരായി. ഫാസിസത്തിന്റെ എല്ലാ വികൃതഭാവങ്ങളും അവിടെ മുടിയഴിച്ച് ആടി. റിപ്പോർട്ടർമാർക്ക് വിലക്കും വാമൂടിക്കെട്ടലും വിധിച്ചു.

ലാററിൻ അമേരിക്കയിലെ അർജന്റീന, ബ്രസീൽ, പരാഗ്വെ, ഉറുഗ്വെ, ബൊളീവിയ തുടങ്ങിയ രാജ്യങ്ങളിലെ ഇടതുമുന്നേററങ്ങളെ മുളയിലേ നുള്ളുവാൻ പടച്ച അമേരിക്കൻ 'ഓപ്പറേഷനു'കളുടെ ചിലിയൻ ബ്രാന്റായിരുന്നു 'ഓപ്പറേഷൻ കൊണ്ടോർ'. പിനോഷെയ്ക്കെതിരായ പ്രവർത്തകരെ പിടികൂടി ഭീകരപ്രവർത്തനത്തിന്റെ കള്ളക്കേസുകൾ ചാർജ് ചെയ്ത് ജയിലിൽ അടച്ച് പീഡിപ്പിച്ച് കൊല്ലുന്നതായിരുന്നു ആ ഓപ്പറേഷന്റെ സവിശേഷഭാവം. പിനൊഷെയ്ക്ക് മുമ്പ് പട്ടാള മേധാവിയായിരുന്ന കാർലോസ് പ്രാററ്സ്, അലെണ്ടെയുടെ വിദേശകാര്യമന്ത്രി ഒർലാണ്ടോ ലെററലിയർ എന്നിവരെ വധിച്ചത് ഓപ്പറേഷൻ കോണ്ടോർ കാലത്തായിരുന്നു. ലെററലിയർ, കാർ ബോംബ് സ്ഫോടനത്തിൽ ആയിരുന്നു കൊല്ലപ്പെട്ടത്. ക്യൂബൻ പ്രതിവിപ്ളവകാരികളെ ഉപയോഗിച്ചായിരുന്നു വാഷിങ്ടൻ ഒത്താശയോടെയുള്ള ഈ കൊലപാതകങ്ങൾ.

കസ്ററഡിയിലെടുത്ത ശേഷം അപ്രത്യക്ഷരായവർ അസംഖ്യമാണ്. വില്ല ഗ്രിമാൽഡി എന്ന കോൺസൻട്രേഷൻ ക്യാമ്പിൽ നിന്നാണ് ആളുകൾ 'അപ്രത്യക്ഷരാ'യത്. രാഷ്ട്രീയ വൈരനിര്യാതന വേട്ടയുടെ മറെറാരു ഞെട്ടിക്കുന്ന ഓമനപ്പേരാണ് 'കാരവാൻ ഓഫ് ഡത്ത്'. പിനോഷെയുടെ വലംകൈ ആയിരുന്ന ജനറൽ അരെല്ലാനോ സ്ററാർക്ക് ആയിരുന്നു ഈ ഓപ്പറേഷനിലെ മുഖ്യ ആരാച്ചാർ. നൂറ് കണക്കിന് ആളുകളെ വധിക്കുകയാണ് ഉണ്ടായതെന്ന് ഈ 'അപ്രത്യക്ഷപ്പെടൽ' സംഭവങ്ങൾ വിളിച്ചുപറയുന്നു. ആകെ ഒന്നരലക്ഷത്തോളം പേരെ പിനോഷെ വധിച്ചു എന്നൊരു കണക്കുണ്ട്.

## അന്താരാഷ്ട്ര നിയമങ്ങളുടെ ഇടപെടൽ

അധികാരഭ്രഷ്ടനായ പിനോഷെയെ മനുഷ്യാവകാശ ലംഘനത്തിന് ഒരു സ്പാനിഷ് ജഡ്ജായ ബൽതാസാർ ഗാർസൺ തന്റെ നിയമപരിജ്ഞാനം കൊണ്ട് പ്രോസിക്യൂട്ട് ചെയ്യിക്കാൻ ഒരുമ്പെട്ടു. മനുഷ്യാവകാശ ലംഘനത്തിന് വിചാരണയ്ക്കുള്ള നോട്ടീസ് പിനോഷെയ്ക്ക് ലണ്ടനിൽ വച്ച് നൽകി; സ്പെയിനിൽ ഹാജരാകുവാൻ ആവശ്യപ്പെട്ടു. അങ്ങനെ ഒരു വർഷക്കാലം യു. കെ. യിൽ വീട്ടുതടങ്കലിൽ അയാൾ കഴിയേണ്ടി വന്നു. അധികാരം നഷ്ടപ്പെട്ട പിനോഷെയെ ആദരവോടെയായിരുന്നു അതുവരെ പാശ്ചാത്യലോകം കണ്ടിരുന്നത്. യു കെ യിൽ നിന്ന് അയാൾ സ്പെയിനിലേക്കും തുടർന്ന് ചിലിയിലേക്കും മടങ്ങി. ചിലിയിലെ കോടതി അയാളോട് കർക്കശ നിലപാട് കൈക്കൊണ്ടു.

വാർദ്ധക്യാസ്വാസ്ഥ്യങ്ങളുടെ പേരിൽ വിചാരണയ്ക്ക് ഹാജരാകാൻ കെല്പില്ല എന്ന സൗകര്യം' അയാൾക്കുണ്ടായി. എന്നാൽ 2004 ൽ ചിലിയൻ കോടതി അയാളുടെ മാനസികശേഷി തളർന്നില്ല എന്ന് അഭിപ്രായപ്പെട്ടു. വീണ്ടും കുററകൃത്യ വിചാരണയ്ക്കായി അയാളെ വീട്ടുതടങ്കലിലാക്കി.

പിനോഷെയ്ക്ക് അധികാരം നഷ്ടപ്പെട്ടത് 1990 ൽ ആയിരുന്നു. കിട്ടിയ അധികാര കാലാവധി ദീർഘിപ്പിക്കുന്ന ഒരു ഭരണഘടനാ ഭേദഗതി അയാൾ 1981 ൽ വരുത്തി. അങ്ങനെ 8 വർഷം കൂടി ഭരിച്ചു. 1989 ൽ ഒരു അ

ഭിപ്രായ വോട്ടെടുപ്പിൽ അയാൾക്കെതിരായ ജനവിധി ഉണ്ടായി. 1990 ൽ നടന്ന തെരഞ്ഞെടുപ്പിൽ പാട്രിഷ്യോ ആൽവിനോട് പരാജയപ്പെട്ട് അധികാരഭ്രഷ്ടനായി.

## സ്വകാര്യവൽക്കരണത്തിന്റെ ഉത്ഘാടകൻ

ചിലിയിൽ സാമ്പത്തിക ഇന്ദ്രജാലം തീർത്തയാൾ എന്ന് പിനോഷെ തല്പരകക്ഷികളാൽ പ്രകീർത്തിക്കപ്പെട്ടു. 'ഷിക്കാഗോ ബോയ്സ്' എന്ന് അറിയപ്പെട്ടിരുന്ന അന്തരിച്ച സാമ്പത്തിക ശാസ്ത്രജ്ഞൻ മിൽട്ടൺ ഫ്രീഡ്മാനും സംഘവുമായിരുന്നു ഇക്കാര്യത്തിൽ പിനോഷെയുടെ രക്ഷകർത്താക്കൾ. ലാറ്റിൻ അമേരിക്കൻ പ്രദേശത്ത് ആദ്യമായി സ്വകാര്യവൽക്കൃതമായ രാജ്യം പിനോഷെയുടെ ചിലി ആയിരുന്നു.

അലെണ്ടെയെ ഇല്ലായ്മ ചെയ്ത് പിനോഷെ - പരിഷ്കാരങ്ങൾ 'ഷിക്കാഗോ ബോയ്സി'ന്റെ ഒത്താശയോടെ അരങ്ങേറി. 1990 ആയപ്പോൾ തൊഴിലില്ലായ്മ മുപ്പത്തിയഞ്ച് ശതമാനം വർദ്ധിച്ചു. മിനിമംകൂലി ഇല്ലാതാക്കി. ട്രേഡ് യൂണിയൻ പ്രവർത്തനം നിരോധിച്ചു. പെൻഷൻ സമ്പ്രദായം സ്വകാര്യവൽക്കരിച്ചു. ഇതിനെതിരെ രാജ്യത്തെ ജനങ്ങൾ ഉണർന്നു. പ്രതിഷേധത്തിന്റെ ഇരമ്പലിൽ, ജനങ്ങളുടെ സമരശേഷിക്കുമുന്നിൽ പിനോഷെ, മിനിമം കൂലിയും ട്രേഡ് യൂണിയൻ പ്രവർത്തന സ്വാതന്ത്ര്യവും പുനസ്ഥാപിക്കേണ്ടി വന്നു.

ചിലിയുടെ വിദേശധനവരവിന്റെ സ്രോതസ്സ് ചെമ്പ് വ്യവസായമായിരുന്നു. (Copper industry) വിദേശനാണ്യത്തിന്റെ 70 ശതമാനവും കൊണ്ടുവന്നത് ചെമ്പ് ആയിരുന്നു. അലെണ്ടെ ചെമ്പ് വ്യവസായം ദേശസാൽകരിച്ചതാണ് അമേരിക്ക അദ്ദേഹത്തെ അട്ടിമറിക്കാൻ കാരണമായത്. അമേരിക്കൻ കമ്പനികളായ അനക്കോണ്ടയും കെന്നെക്കോട്ടുമായിരുന്നു ചിലിയൻ ചെമ്പ് വ്യവസായത്തിന്റെ നിയന്താക്കൾ. മറ്റൊരു പ്രധാന മേഖലയായ കൃഷിയെ സോഷ്യലിസ്റ്റ് ഭൂപരിഷ്കരണം കൊണ്ട് മെച്ചപ്പെടുത്താൻ അലെണ്ടെ ശ്രമിച്ചിരുന്നു. പിനോഷെ അമേരിക്കൻ പാവയും മനുഷ്യാവകാശ ധ്വംസകനുമായി നിലനിന്നതല്ലാതെ അലെണ്ടെയുടെ ഈ പ്രധാന പരിഷ്കാരങ്ങളെ പിൻവലിക്കാൻ കഴിഞ്ഞില്ല.

## ലോക മനുഷ്യാവകാശദിനത്തിൽ

ഡിസംബർ 10 ലോകമനുഷ്യാവകാശ ദിനമാണ്. ഒരു മനുഷ്യാവകാശ ലംഘകന്റെ മരണമണി മുഴങ്ങിയത് അന്നായിരുന്നു. വിചാരണയും വിധിയും പിനോഷെയെ അർഹിക്കുന്ന ശിക്ഷകൊണ്ട് അഭിഷേകം ചെയ്യുംമുമ്പ് 91-ാം വയസ്സിലെ മരണം അയാളെ രക്ഷപ്പെടുത്തി.

അലെണ്ടെയുടെ അനന്തിരവളും എഴുത്തുകാരിയുമായ ഇസബെൽ അലെണ്ടെ, വിചാരണ പൂർത്തിയാകാതെ പിനോഷെ 'രക്ഷപ്പെട്ട'തിൽ ഖിന്നയാണ്. ആ മനുഷ്യത്വഹീനന്റെ അന്ത്യത്തിൽ ബഹുഭൂരിപക്ഷം ചിലിയൻ പൗരന്മാരും ആഹ്ളാദിച്ചു. ആ മരണം കൊണ്ടാടാൻ അവർ അയാളുടെ ശവപ്പെട്ടിയുടെ കോലം കത്തിച്ച് മാപോക്കോ നദിയിൽ എറിഞ്ഞു. ഒരു ന്യൂനപക്ഷം അയാളുടെ പിന്തുണക്കാരും ആരാധകരുമായി ഉണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് വിരോധത്തിൽ നിന്ന് ഉണ്ടായ ആരാധന ആയിരുന്നു അതിന്റെ കാതൽ. ഇന്നത്തെ ചിലിയൻ പ്രസിഡന്റ് മിഷേൽ ബാചെലെറ്റ്, പിനോഷെ 1970 ൽ തടവിലാക്കിയ ആളിന്റെ മകനാണ്. അദ്ദേഹം പിനോഷെയ്ക്ക് ദേശീയ ബഹുമതിയോടെയുള്ള ശവസംസ്കാര ചടങ്ങുകൾ അനുവദിച്ചില്ല. ഒരു മിലിട്ടറി സെമിത്തേരിയിൽ അയാളെ മറവുചെയ്തു.

പിനോഷെയ്ക്ക് വിചാരണയിൽ നിന്ന് രക്ഷപെടാൻ കഴിഞ്ഞെങ്കിലും അയാൾ നടത്തിയ കൊലകളിലും ജയിൽപീഡനങ്ങളിലും അനധികൃത സ്വത്ത് സമ്പാദനത്തിലും ചെറുതല്ലാത്ത പങ്കുള്ള കുടുംബാംഗങ്ങൾക്ക് രക്ഷപെടാൻ കഴിയില്ല. ഹിറ്റ്ലറുടെയും മുസ്സോളിനിയുടെയും ഏരിയൽ ഷാരോണിന്റെയും ജോർജ്ബുഷിന്റെയും പിനോഷെയുടെയും ഗണം ചരിത്രത്തിൽ ഇനിയും ആവർത്തിക്കാതിരിക്കാൻ ലോകം ജാഗരൂകമായിരുന്നേ മതിയാകൂ.


## എ.കെ.പി.സി.ടി.എ

49-ാം സംസ്ഥാന സമ്മേളനം

കോട്ടയ്ക്കൽ, മലപ്പുറം

2006 മാർച്ച് 9, 10, 11

## കോളജ് വിദ്യാർത്ഥികൾക്ക് സാഹിത്യ മത്സരം

എ.കെ.പി.സി.ടി.എ 49-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് കോളജ് വിദ്യാർത്ഥികൾക്ക് സാഹിത്യമത്സരം സംഘടിപ്പിക്കുന്നു. ചെറുകഥ, കവിത, ലേഖനം, എന്നിവയിലാണ് മത്സരം. ചെറുകഥയ്ക്കും കവിതയ്ക്കും പ്രത്യേകിച്ച് വിഷയം നിർദ്ദേശിക്കുന്നില്ല. ലേഖനത്തിന്റെ വിഷയം ***സാമൂഹ്യനീതി തന്നെ ഗുണമേന്മ*** എന്നതാണ്. ലേഖനം പത്ത് ഫുൾസ്കാപ് പേപ്പറിൽ കവിയരുത്. പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രത്തോടെ 2007 ഫെബ്രുവരി 28നകം **പ്രൊഫ. ടി. എ. ഉഷാകുമാരി, പ്രതീക്ഷ, പന്നിംകുളങ്ങര ലെയിൻ, അയ്യന്തോൾ, തൃശ്ശൂർ-3** എന്ന വിലാസത്തിൽ സൃഷ്ടികൾ അയയ്ക്കണം. ഒന്നും രണ്ടും മൂന്നും സമ്മാനം നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതാണ്.

Peevees

Gold & Diamonds

ഫോർച്യൂൺ

JEWELLERY

Peevees Shoping Arcade

NILAMBUR

PH.04931-221985



BIS
916

ന്റെ മനസ്സറിഞ്ഞവർ

# പയ്യന്നൂർ കോളജ്:
# പൊതു ആസ്തികളുടെ ഉൽപന്നം

കേരളത്തിന്റെ വിദ്യാഭ്യാസ, സാംസ്കാരിക, സാമൂഹിക രംഗങ്ങളിലും, കലാ കായിക മേഖലകളിലും നിറഞ്ഞുനിൽക്കുന്ന നിരവധി പ്രതിഭകളെ വളർത്തിയെടുത്ത പ്രശസ്തമായ ഉന്നതവിദ്യാഭ്യാസ സ്ഥാപനമാണ് പയ്യന്നൂർ കോളജ്, പയ്യന്നൂർ. നാഷണൽ ഹൈവേയിൽ പയ്യന്നൂർ ടൗണിൽ നിന്നും 2 കി. മീ. കിഴക്കുമാറി എടാട്ട് എന്ന സ്ഥലത്താണ് കോളജ് സ്ഥിതി ചെയ്യുന്നത്. ഗ്രാമീണ കലകളുടെയും, പരമ്പരാഗത നിർമ്മാണങ്ങളുടെയും കേന്ദ്രമെന്ന് വിശേഷിപ്പിക്കാവുന്ന കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലാണ് കോളജ്.




സ്വകാര്യ കോളജ് നിർമ്മിക്കപ്പെട്ടതും, ചലിപ്പിക്കപ്പെടുന്നതും പൊതു ആസ്തികൾ കൊണ്ടാണെന്ന ചരിത്രപരവും കാലിക പ്രസക്തിയുള്ളതുമായ സത്യം തേടിയുള്ള സംഘടനയുടെ യാത്രയിൽ തീർത്തും ഉപകാരപ്രദമായ വസ്തുതകളാണ് പയ്യന്നൂർ കോളജിനെ പഠിക്കുമ്പോൾ കിട്ടുന്നത്.

## ചരിത്രം

1963 ഓഗസ്ത് മാസം 25 പയ്യന്നൂരിൽ വച്ച് ബഹുജനങ്ങൾ പങ്കെടുത്ത ഒരു യോഗത്തിൽ 'പയ്യന്നൂർ എഡ്യുക്കേഷണൽ സൊസൈററി' എന്ന സ്ഥാപനം രൂപം കൊണ്ട ദിവസം. പ്രശസ്ത അഭിഭാഷകൻ പരേതനായ അഡ്വ. എസ്. ഉമാമഹേശ്വര അയ്യർ പ്രസിഡണ്ടും വ്യാപാരിയായ കെ. ഗോവിന്ദൻ ജനറൽ സെക്രട്ടറിയും, സ്വാതന്ത്ര്യസമര സേനാനിയും, കമ്യൂണിസ്ററ് വിപ്ളവ പ്രസ്ഥാനത്തിന്റെ സാരഥിയുമായ മുൻ എം.എൽ.എ. ഈയിടെ അന്തരിച്ച സുബ്രഹ്മണ്യ ഷേണായി ഉൾപ്പെടെ ഒൻപത് അംഗങ്ങളും ഉള്ള പയ്യന്നൂർ എഡ്യുക്കേഷണൽ സൊസൈററി 1964 ഏപ്രിൽ 4 ന് സൊസൈററീസ് ആക്ട് XXI/1860 S No.11/1964 പ്രകാരം രജിസ്ററർ ചെയ്തു.

സൊസൈററിയുടെ ഉദ്ദേശലക്ഷ്യങ്ങൾ തികച്ചും മാതൃകാപരമായിരുന്നുവെന്ന് രേഖകൾ വ്യക്തമാക്കുന്നു. അവയിൽ പ്രധാനപ്പെട്ടവ സംഘടനയുടെ അക്കാദമിക് പഠനവുമായി ഏറെ ബന്ധപ്പെടുന്നു.

1. To purchase or accept lands, buildings or materials or other institutions or construct or take on lease buildings for Educational, Cultural, Economic and Social progress and Physical and Spiritual well-being of the people.

2.To collect funds by way of donations subscriptions, fee from students, membership fee, contributions and grants from Government and other bodies and by conducting tournaments entertainments and exhibitions.

3.To accept other trusts or institutions created by any one for the above objects

(അവലംബം: Bye-Law/Payyannur Educational Society)

പൊതുജനങ്ങളിൽ നിന്ന് 100, 500, 1000 രൂപാ നിരക്കിൽ മെമ്പർഷിപ്പ് വാങ്ങിയാണ് സൊസൈററിയിൽ അംഗങ്ങളെ ചേർത്തത്. 1500 ഓളം അംഗങ്ങൾ സൊസൈററിയിൽ ഇന്ന് അംഗത്വമുള്ളവരാണ്. വ്യാഘ്രലം എസ്. ശിവരാമകൃഷ്ണ അയ്യർ നൽകിയ 50,000 രൂപ സൊസൈററിയുടെ വളർച്ചയുടെ തുടക്കത്തിലെ വിലമതിക്കാനാകാത്ത സംഭാവനയാണ്. നാഷണൽ ഹൈവേയോടു ചേർന്നുള്ള 157 ഏക്കർ സ്ഥലം കേവലം 8000 രൂപക്കാണ് സൊസൈററിക്ക് ലഭിച്ചത്. സ്ഥലം ഉടമകളും കുടിയാന്മാരുമായിരുന്ന ജനങ്ങൾ സൗജന്യമായി കോളജിന് സ്ഥലം വിട്ടുകൊടുത്തതും, രയരമംഗലത്ത് മനയിലെ

ശ്രീദേവി അന്തർജനം തന്റെ ജന്മാവകാശം സൊസൈറ്റിക്ക് വിട്ടുകൊടുത്തതും എടുത്തു പറയത്തക്ക പൊതു ആസ്തികളാണ്. 1965 മെയ് മാസം വ്യാഴം എസ്. ശിവരാമകൃഷ്ണ അയ്യർ കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചു. 102/64-ാം നമ്പർ കൽപന പ്രകാരം (തിയതി 21.06.1965) കേരള യൂണിവേഴ്സിറ്റിയുടെ അനുമതി കോളജിന് ലഭിച്ചു. 1965 ജൂലായ് 15ന് കോളജ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. ആറ് ക്ലാസ്മുറികളിൽ യൂണിവേഴ്സിറ്റി അനുവദിച്ച I, II, III ഗ്രൂപ്പുകളിലായി രണ്ടു വീതം ബാച്ചുകളിലാണ് ക്ലാസുകൾ നടന്നത്. 480 വിദ്യാർത്ഥികൾക്ക് ആദ്യവർഷം തന്നെ പഠനസൗകര്യത്തിലേർപ്പെടുത്തുക എന്ന സുപ്രധാനമായ പ്രവർത്തനത്തിന്റെ നേതൃത്വം സൊസൈറ്റി ഭംഗിയായി നിർവ്വഹിച്ചു.

പ്രശസ്ത സാമ്പത്തിക ശാസ്ത്ര അദ്ധ്യാപകൻ പരേതനായ പ്രൊഫ. പി. കെ. സുരേന്ദ്രനാഥ് ആയിരുന്നു പ്രഥമ പ്രിൻസിപ്പൽ. 15 ഓളം അദ്ധ്യാപകർ സേവനമനുഷ്ഠിച്ചു. 1968 ൽ കോഴിക്കോട് സർവ്വകലാശാല നിലവിൽ വന്നതു മുതൽ അതിൻകീഴിലായി. 1969 ൽ കോഴിക്കോട് സർവ്വകലാശാലയുടെ GA7/11098/69 dt 05-09-69 കൽപ്പന പ്രകാരം 5 വിഷയങ്ങളിൽ ബിരുദ കോഴ്സുകൾ ആരംഭിച്ചു. ബിരുദ കോഴ്സുകൾ ആരംഭിക്കുവാൻ വേണ്ടി വലിയ തുക കെട്ടിവയ്ക്കാൻ കൽപ്പനയുണ്ടായപ്പോൾ നേതൃത്വ പ്രവർത്തനത്തിലൂടെ അത് സാഫല്യത്തിലെത്തിച്ചത് പരേതനായ സുബ്രഹ്മണ്യഷേണായി ആണ്. സ്വന്തം ഭൂസ്വത്ത് പണയപ്പെടുത്തിയാണ് ഈ തുക അദ്ദേഹം ഗവൺമെൻറിലേക്ക് കെട്ടിവച്ചത്. 1984 ൽ ആണ് ആദ്യ ബിരുദാനന്തരബിരുദ കോഴ്സ് ആരംഭിച്ചത്. 1996 മുതൽ കണ്ണൂർ സർവ്വകലാശാലയുടെ പരിധിയിലായി. 1980 കളിൽ കോളജ് ഭരണസമിതിയിൽ ചില പ്രതിസന്ധികൾ ഉടലെടുത്തപ്പോൾ സർവ്വകക്ഷി പ്രതിനിധികളും കോളജിലെ അദ്ധ്യാപകരും ഉൾക്കൊള്ളുന്ന റിസീവറുടെ നേതൃത്വത്തിലുള്ള ഒരു ഡവലപ്മെന്റ് കമ്മിറ്റിയാണ് ഭരണനിർവ്വഹണം നടത്തിയത്. പ്രസ്തുത കമ്മിറ്റിയിലെ ഒരംഗമെന്ന നിലയിൽ പരേതനായ മുൻ പ്രിൻസിപ്പൽ എ. കെ. രാഘവൻ നമ്പ്യാർ നിർവ്വഹിച്ച പങ്ക് നിസ്തുലമാണ്. ഇത്തരത്തിലുള്ള സർവ്വകക്ഷി-പൗരപ്രമുഖ ഇടപെടൽ ശ്രദ്ധേയമാണ്.

ആരംഭദശയിൽ വിഭവസ്വരൂപണത്തിന്റെ ഭാഗമായി അന്നത്തെ 20000 രൂപയ്ക്കുള്ള ഒരു ഭാഗ്യക്കുറി സംരംഭം ഒരുസർവ്വകക്ഷി സമിതിയുടെ നേതൃത്വത്തിൽ നടത്തിയിരുന്നു. ധനസമാഹരണത്തിന് ഇത്തരമൊരു ലോട്ടറി സംവിധാനം ഏർപ്പെടുത്തിയ അപൂർവ്വം ചില സ്ഥാപനങ്ങളിൽ ഒന്നാണ് പയ്യന്നൂർ കോളജ്. ഇത് കേരളത്തിലെ ഭാഗ്യക്കുറി ചരിത്രത്തിലെ പ്രധാന അധ്യായമാണ്.

കോളജിന്റെ തുടക്കത്തിന് സാരഥ്യം വഹിച്ചവർ മാത്രമല്ല, സമൂഹത്തിന്റെ നാനാതുറകളിലുള്ള വ്യക്തികളും പിന്നീട് സംഭാവനകൾ നൽകി നിരവധി നൽകിയിട്ടുണ്ട്. മീനാക്ഷിയമ്മ നായനാർ മെമ്മോറിയൽ ബിൽഡിങ് ഇതിനൊരുദാഹരണമാണ്. അന്നത്തെ കാന്റീൻ കെട്ടിടം നിർമ്മിച്ചു നൽകിയത് മാടായി കോ - ഓപ്പറേറ്റീവ് റൂറൽ ബാങ്കാണ്. കേരളാ സ്പോർട്സ് കൗൺസിൽ നൽകിയ ഒരു ലക്ഷം രൂപാ ധനസഹായം കൊണ്ടാണ് സ്പോർട്സ് പവലിയൻ നിർമ്മിച്ചിട്ടുള്ളത്.

## വർത്തമാനം

പൊതുമുതലും, അധ്വാനവും, ബുദ്ധിയും കൊണ്ട് കെട്ടിപ്പടുത്ത പയ്യന്നൂർ കോളജ് ഇപ്പോൾ ഉത്തരമലബാറിലെ പ്രധാനപ്പെട്ട ഒരു വിദ്യാകേന്ദ്രമാണ്. മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, സുവോളജി, ബോട്ടണി വിഷയങ്ങളിൽ ബി. എസ്. സി., ഇംഗ്ലീഷ്, ഹിന്ദി, ഫങ്ഷണൽ ഹിന്ദി, ഇക്കണോമിക്സ്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ് വിഷയങ്ങളിൽ ബി. എ., ബി. കോം എന്നിങ്ങനെ 11 ബിരുദ കോഴ്സുകളും, മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളും ആണ് അനുവദിക്കപ്പെട്ടവ. മാത്തമാറ്റിക്സ്, ഫിസിക്സ്, ഹിന്ദി വിഭാഗങ്ങൾ കണ്ണൂർ സർവ്വകലാശാലയുടെ അംഗീകൃത ഗവേഷണകേന്ദ്രങ്ങൾ കൂടിയാണ്.

ഇന്നും മെമ്പർഷിപ്പ് വഴിയും, പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ വഴിയും ഈ സ്ഥാപനം (സൊസൈറ്റി) പ്രവർത്തിക്കുന്നു. നിരവധി വിദ്യാഭ്യാസ പ്രതികളുടെ കഠിനാധ്വാനത്തിന്റെ ഉൽപ്പന്നമായ ഈ സ്ഥാപനത്തിന് അന്നൂർ പ്രൈമറി സ്കൂൾ, പി. ഇ. എസ്. വിദ്യാലയ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടി സഹോദരസ്ഥാപനങ്ങളായുണ്ട്. തുടക്കത്തിലെ ബാലാരിഷ്ടതകൾ പിന്നിട്ട് ഇന്ന് 6 ബ്ലോക്കുകളിലായി ക്ലാസുകൾ നടക്കുന്നു. കൂടാതെ സെമിനാർ ഹാൾ ബ്ലോക്ക്, ലൈബ്രറി ബ്ലോക്ക്, സെപ്തംബർ 22 ന് ബഹു. കേരള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓഡിറ്റോറിയം തുടങ്ങിയവയും, മുൻ സൂചിപ്പിച്ച സ്ഥല വിസ്തൃതിയും കോളജിന്റെ പ്രത്യേകതകളാണ്. നിരവധി വർഷങ്ങളിലെ പി. ടി. എ. ഫണ്ടും, സൊസൈറ്റി ശേഖരിച്ച ഫണ്ടും കൊണ്ടാണ് നേരത്തെ സൂചിപ്പിച്ച ഓഡിറ്റോറിയം പൂർത്തീകരിക്കപ്പെട്ടത്. കൂടാതെ അദ്ധ്യാപകരിൽ നിന്ന് സംഭാവനകൾ ശേഖരിച്ചാണ് ഈ വർഷം ഓഡിറ്റോറിയത്തിനകത്ത് കസേരകൾ സ്ഥാപിച്ചത്. ചുരുക്കത്തിൽ, പൊതു ആസ്തികൾ സമാഹരിച്ചതിലൂടെ മാത്രമാണ് വികസന പ്രവർത്തനങ്ങൾ നടക്കുന്നത്. കൂടാതെ റോട്ടറി ക്ലബ് നൽകിയ 25000 രൂപ ധനസഹായം ഹെർബൽ ഗാർഡൻ സങ്കൽപം സഫലീകരിച്ചു. എസ്.ബി.ടി. യുടെ ജല സംരക്ഷണ പദ്ധതി പരിഗണനയിലാണ്.

അഞ്ച് വർഷം തോറും തെരഞ്ഞെടുക്കപ്പെടുന്ന സൊസൈറ്റിയാണ് ഇപ്പോഴും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. കോൺഗ്രസ് ( ഐ), സി. പി. ഐ ( എം), മുസ്ലീം ലീഗ് എന്നിങ്ങനെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികൾ ഉൾപ്പെടുന്നതാണ് പുതുതായി തെരഞ്ഞെടുക്കപ്പെട്ട സൊസൈറ്റി. എ. സി. സുകുമാരൻ നമ്പ്യാർ പ്രസിഡണ്ടും, കെ. കുഞ്ഞികൃഷ്ണൻ നായർ ജനറൽ സെക്രട്ടറിയും ആയ സൊസൈറ്റിയുടെ ഭരണസമിതിയിൽ മുൻ കാസർഗോഡ് എം. പി. യും സി. പി. ഐ ( എം) സംസ്ഥാന കമ്മിറ്റിയംഗവും ഖാദി ബോർഡ് വൈസ് ചെയർമാനുമായ ടി. ഗോവിന്ദൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമാണ്.

കാസർഗോഡ് എം.പി. പി.കരുണാകരൻ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് കോളജിന് നൂതന സാങ്കേതിക വിദ്യകൾ ഏർപ്പെടുത്താവുന്ന കമ്പ്യൂട്ടർ ലാബിന് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പൊതു ആസ്തികൊണ്ടുള്ള ഈ കമ്പ്യൂട്ടർ ലാബ് സമൂഹത്തിൽ സാമ്പത്തികമായി ഏറെ പിന്നിലുള്ള വിദ്യാർത്ഥികൾ ഏറിയ പങ്കും പഠിക്കുന്ന ഈ കോളജിന് ഒരു മുതൽ കൂട്ടാകുമെന്നത് തീർച്ച 'നാക്' അക്രഡിറ്റേഷൻ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളുടെ അവസാന മിനുക്കുപണികൾ വിവിധതലങ്ങളിൽ നടക്കുകയാണ്. ഇത്തരം അക്കാദമിക് പ്രവർത്തനങ്ങളിൽ നേതൃത്വം കൊണ്ടും പങ്കാളിത്തം കൊണ്ടും സ

ജീവമാണ് സംഘടനാ പ്രവർത്തകർ. തെരഞ്ഞെടുക്കപ്പെടുന്ന പി.ടി.എയിലും കോളജ് യൂണിയൻ പ്രവർത്തനങ്ങളിലും നേതൃത്വപരമായും ആശയപരമായും സംഘടന ഇടപെടുന്നു.

കായികരംഗത്ത് ഒരു വലിയ ചരിത്രം അവകാശപ്പെടാവുന്ന കോളജിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന നേട്ടങ്ങൾ കൂടിയാകുമ്പോൾ അവകാശപ്പെടാൻ ഏറെയുണ്ട്. കഴിഞ്ഞ 8 വർഷങ്ങളിലെ കണ്ണൂർ സർവ്വകലാശാല കലോത്സവങ്ങളിൽ 7 വർഷം ചാമ്പ്യന്മാരും, 1 വർഷം രണ്ടാം സ്ഥാനക്കാരുമാണ് കോളജ്. ഇത്തരം പ്രവർത്തനങ്ങളിലൊക്കെ തുടർച്ചയായി തെരഞ്ഞെടുക്കപ്പെടുന്ന പുരോഗമന വിദ്യാർത്ഥി യൂണിയന് സംഘടന ക്രിയാത്മകമായ സഹായ സഹകരണങ്ങൾ നൽകുന്നുണ്ട്.

## മററു സ്ഥാപനങ്ങൾക്കുള്ള സഹായം

തുടക്കത്തിൽ 157 ഏക്കർ സ്വത്തുള്ള കോളജിന്റെ നിർലോഭമായ സഹകരണം മററു സ്ഥാപനങ്ങൾക്ക് കിട്ടിയിട്ടുണ്ട്. പയ്യന്നൂർ കേന്ദ്രീയവിദ്യാലയത്തിന് 15 ഏക്കർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, പയ്യന്നൂർ കാമ്പസിന് 3 ഏക്കർ, കണ്ണൂർ സർവ്വകലാശാലയുടെ പയ്യന്നൂർ കാമ്പസിന് 10 ഏക്കർ, പി. ഇ. എസ്. വിദ്യാലയ എന്ന സഹോദരസ്ഥാപനത്തിന് 5 ഏക്കർ, ചെറാട്ട് അംഗൻവാടിക്ക് 3 സെന്റ് എന്നിങ്ങനെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകിയ സംഭാവനകൾ എടുത്തുപറയത്തക്കതാണ്. ഇവയ്ക്കുപുറമെ, എൻ. സി. സി. ക്ക് 3 ഏക്കർ, പണി പൂർത്തിയാകുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിസർച്ച് ലാബിന് 50 സെന്റ് എന്നിവയും ശ്രദ്ധേയമാണ്. കൂടാതെ കാരയിൽ യുവജന കലാസമിതിക്ക് താൽക്കാലികമായി സ്ഥലം നൽകിയതും, കണ്ണൂർ സർവ്വകലാശാലയുടെ ഫിസിക്കൽ എഡ്യുക്കേഷൻ പി. ജി. കോഴ്സ് (M.P.Ed), അവർക്ക് സ്വന്തമായി കാമ്പസ് ഉണ്ടാകും വരെ നടത്താനുള്ള കെട്ടിട സൗകര്യം നൽകിയതും മററ് ചില ഇടപെടലുകൾ തന്നെ. ചുരുക്കത്തിൽ പൊതുജനങ്ങളിൽ നിന്ന് ലഭിച്ച സഹായം വീണ്ടും വിവിധതരത്തിൽ സമൂഹത്തിലേക്കെത്തിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ എയ്ഡഡ് കോളജുകൾ ഇന്നത്തെ മാനേജ്മെന്റിന്റെ സ്വകാര്യ സ്വത്തല്ലെന്നും, സമൂഹത്തിന്റെ പങ്കാളിത്തത്തിൽ നിന്നും ശേഖരിക്കപ്പെട്ട ആസ്തികളാലാണ് നിർമ്മിക്കപ്പെട്ടതെന്നും പാവപ്പെട്ടവന്റെ നികുതിയടവിൽ നിന്നാണ് ഇന്നുമത് നിലനിന്നു പോകുന്നതെന്നുമുള്ള യാഥാർത്ഥ്യം മറന്നുപോകുന്ന ഒരു സമീപനമാണ് ചില കോർപ്പറേററ് മാനേജ്മെന്റുകളും, സിംഗിൾ മാനേജ്മെന്റുകളും, സൊസൈററി മാനേജ്മെന്റുകളും തുടർന്നുവരുന്നത്. ഇത്തരക്കാർക്കെതിരെ ശക്തമായ നിലപാടുകളുമായി എ. കെ. പി. സി. ടി. എ. നീങ്ങുന്നതിന്റെ കൃത്യമായ സൂചനകളാണ് ഈ വിധം പഠനങ്ങൾ.

(പയ്യന്നൂർ കോളജ് ബ്രാഞ്ച് തയ്യാറാക്കിയത്)


**മടിക്കൈ സർവ്വീസ് സഹകരണ ബാങ്ക് ക്ളിപ്തം നമ്പർ L-351**

പി. ഒ. എച്ചിക്കാനം (വഴി), ആനന്ദാശ്രമം, കാസർഗോഡ് ജില്ല
ഹെഡ്ഢാഫീസ് മടിക്കൈ - അമ്പലത്തുകര
ഫോൺ - 0467-2240579, 2240679

ബ്രാഞ്ചുകൾ

1. ബങ്കളം 0467-2280489
2. പാളക്കടവ് 0467-2240589
3. കാഞ്ഞിരപ്പൊയിൽ 0467-2240179

"ഒരു ക്ളാസ് I സ്പെഷ്യൽ ഗ്രേഡ് ബാങ്ക്"

- ഉയർന്ന പലിശ നിരക്കിൽ സുരക്ഷിതവും, ആദായകരവുമായ നിക്ഷേപ പദ്ധതികൾ
- ഉദാരവ്യവസ്ഥയിൽ കാർഷിക - കാർഷികേതര വായ്പകൾ നൽകിവരുന്നു
- സ്വർണ്ണ പണ്ട പണയത്തിൻ മേൽ 8.5 ശതമാനം പലിശക്ക് ഒരു വർഷത്തേക്ക് കാർഷികവായ്പ നൽകിവരുന്നു.
- വളം ഡിപ്പോ, റേഷൻ ഷോപ്പ്, കൺസ്യൂമർ സ്ററോർ, നീതി സ്ററോർ, സിമന്റ് വ്യാപാരം എന്നിവ നടത്തിവരുന്നു.
- ഹെഡ്ഢാഫീസിലും, ചാളക്കടവ് ബ്രാഞ്ചിലും, സേഫ് ഡെപ്പോസിററ് ലോക്കർ സൗകര്യം ലഭ്യമാണ്.
- ഇടപാടുകാരുടെ സംതൃപ്തി ഞങ്ങളുടെ ലക്ഷ്യം.

കെ. വി. കുമാരൻ
പ്രസിഡന്റ്

വി. വി. മോഹനൻ
സെക്രട്ടറി ഇൻ - ചാർജ്

# G-TEC COMPUTER EDUCATION

G TEC COMPUTER EDUCATION

ISO 9001 — ISO 9001:2000 CERTIFIED

(A Division of Glosoft Technologies Private Limited)

Opp. Mini Civilstation, **MANNARKKAD.**

**Ph: 04924 - 298348. Mob: 9447938043, 9349733543.**

Admn. Office : Bhaskar Bldg., G TEC Jn., Calicut-1.

തൊഴിലധിഷ്ഠിത കോഴ്സുകൾ

- **PGDCA Post Graduate Diploma in Computer Application**
- **PGDIT Post Graduate Diploma in Information Technology**
- **MSE Master in Software Engineering**
- **MDMA Masters Diploma in Multimedia & Animation**
- **DMA Diploma in Mutlimedia & Animation**

**MSE, PGDCA, Computer TTC**

ഇന്ത്യൻ & ഫോറിൻ അക്കൗണ്ടിംഗ് കോഴ്സ്

ഹാർഡ്‌വെയർ & നെറ്റ് വർക്കിംഗ്

കമ്പ്യൂട്ടർ പഠനത്തിന് ലോകോത്തര അംഗീകാരമുള്ള സർട്ടിഫിക്കറ്റ് G-TEC യാഥാർത്ഥ്യമാക്കുന്നു

## ലോകോത്തര അംഗീകാരമുള്ള സർട്ടിഫിക്കറ്റോ?

അതെ, ഇപ്പോൾ G-TEC ൽ നിന്നും കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 138 രാജ്യങ്ങളിൽ അംഗീകരിച്ച ഫോറിൻ മിനിസ്ട്രീസ് അപ്രൂവ്ഡ് സർട്ടിഫിക്കറ്റ് നൽകുന്നു. ഈ അംഗീകാരം കേരളത്തിൽ G-TEC സെന്ററുകളിൽ മാത്രം.

**Course Under Ministry of HRD**
Govt. of India
CCA CDTP CBC CCHM

**SOFTWARE ARENA**
Computer Teachers Training Programme
MSE PGDCA DFA PGDIT DCA DCAP

**Accounting Packages**
**(Tally 7.2, DACEASY, PEACHTREE, WINGS)**

**Hardware & Networking Academy**
**A+N+MCSE CCNA MCSA**

**100% Job Oriented Courses**
**MSE, PGDCA, DMA, MDMA, CTTP.**

# KRISHNA

**COMPUTER JOB CENTRE**

Opp. Court , Mannarkkad, Palakkad Dt.
Phone: 0492-224902, 226549, Fax: 04924-224902
Mob: 9447938043

- DTP - English & Malayalam
- Photostat
- STD / ISD Fax
- Spiral Binding
- Lamination
- Office Stationary
- Online Results
- Courier Service

**എല്ലാവിധ പ്രോജക്ട്/ അസൈൻമെന്റ് വർക്കുകളും മിതമായ നിരക്കിൽ ചെയ്തുകൊടുക്കുന്നു.**

ഡോ.സി.ആർ.പ്രസാദ്
എം.ജി. കോളജ്, തിരുവനന്തപുരം

# വിദ്യാഭ്യാസ ചിന്തകൾ

ഒരു രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്നത് അവിടുത്തെ വിദ്യാഭ്യാസമാണ് എന്ന ചിന്തയോടുകൂടിയാണോ നാം ഇതുവരെ വിദ്യാഭ്യാസത്തെ സമീപിച്ചിരുന്നത്? അല്ല എന്ന് പലപ്പോഴും അറിയാമെങ്കിലും, ശരിയായ രീതി ഇതല്ല എന്ന് തിരിച്ചറിയാമെങ്കിലും കേരളത്തിലെ മാറി മാറി വരുന്ന മുന്നണി ഭരണങ്ങൾ വിദ്യാഭ്യാസത്തിന് അത്ര ഗൗരവം കൊടുക്കാറില്ല എന്നതാണ് സത്യം. പലപ്പോഴും ഘടകകക്ഷികൾക്ക് നല്കുന്ന വിദ്യാഭ്യാസവകുപ്പ് സർക്കാരിന്റെ മുഖത്തിന് കോട്ടം വരുത്തിക്കൊണ്ടേയിരിക്കുന്ന കാഴ്ചയാണ് കണ്ടുവന്നിരുന്നത്. എന്നാൽ ഇതിന് ഒരു അറുതി വന്നത് പുതിയ സർക്കാരിന്റെ വരവോടെയാണ്. ആഭ്യന്തരം ധനകാര്യം എന്നീ വകുപ്പുകളെപ്പോലെ തന്നെ മുഖ്യമാണ് വിദ്യാഭ്യാസവും എന്ന തിരിച്ചറിവോടെ മുഖ്യകക്ഷി വിദ്യാഭ്യാസവകുപ്പ് ഏറ്റെടുത്തത് ശുഭസൂചനയാണ് നൽകിയത്. എന്നാൽ, പൊതുമരാമത്തു വകുപ്പുപോലെ തന്നെ അഴിമതിക്ക് സാധ്യതയുള്ള മേഖലയാണ് വിദ്യാഭ്യാസവും എന്ന് തെളിയിച്ചിട്ടുള്ള ചില ഘടകകക്ഷികൾ - അക്കാര്യത്തിൽ മുന്നണിഭേദമില്ല എന്നതാണ് രസകരം - കൈയ്യും കെട്ടിയിരിക്കുന്നില്ല എന്നതാണ് വർത്തമാനകാല സംഭവങ്ങൾ തെളിയിക്കുന്നത്. വിദ്യാഭ്യാസരംഗത്തെ ഇടപെടലുകൾ സർക്കാർ ഗൗരവമായിത്തന്നെയാണ് കാണുന്നത്. അത്തരം ഇച്ഛാശക്തിക്ക് കൂടുതൽ കരുത്തു നല്കേണ്ടത് പൊതുജനങ്ങളാണ്. സർഗാത്മകമായ ചർച്ചകളിലൂടെയും നിർദ്ദേശങ്ങളിലൂടെയും നമ്മുടെ വിദ്യാഭ്യാസ രംഗം ബലമുള്ളതാക്കിതീർക്കാൻ കഴിയുന്നതാണ്. അത്തരം ചർച്ചകൾക്ക് വഴിതെളിക്കുന്നതാണ് *വിദ്യാഭ്യാസം പുനർനിർവചിക്കുമ്പോൾ* എന്ന ഡോ. എസ്. രാജശേഖരന്റെ പുസ്തകം. കഴിഞ്ഞ പത്തുവർഷമായി, പല സന്ദർഭങ്ങളിലായി എഴുതിയ ലേഖനങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. ഒരു വിഷയത്തെ സംബന്ധിച്ച് ഒരാൾ പത്തുവർഷമായി എഴുതുന്നു എന്നു പറയുമ്പോൾ തന്നെ ആ വിഷയത്തിൽ കാര്യമായ എന്തോ കുഴപ്പം നിലനില്ക്കുന്നുണ്ട് എന്നാണർത്ഥം. വിദ്യാഭ്യാസം അഭിമുഖീകരിക്കുന്ന പലപ്രശ്നങ്ങൾ ഈ പുസ്തകത്തിൽ ചർച്ചാവിഷയമാക്കുന്നുണ്ട്. പതിനേഴ് ലേഖനങ്ങളാണ് ഇതിലുള്ളത്. സമൂഹം, വിദ്യാർത്ഥി, കോളജ് അന്തരീക്ഷം, മാനേജുമെന്റുകൾ, സർവ്വകലാശാല, അദ്ധ്യാപകർ എന്നിങ്ങനെ വിദ്യാഭ്യാസമേഖലയിലെ പല അടരുകളെ സംബന്ധിച്ചും ഗ്രന്ഥകർത്താവിന് പറയാനുണ്ട്. പൊതുമുതൽ മുടക്കിൽ ശക്തമായിത്തീർന്നതാണ് കേരളത്തിന്റെ വിദ്യാഭ്യാസ രംഗം. ഈ രംഗത്തേക്ക് മതസംഘടനകൾ കടന്നുവന്നപ്പോഴും സർക്കാർ ദൗത്യത്തിൽ നിന്നും പിന്മാറിയില്ല. മതസംഘടനകൾക്കാകട്ടെ വിദ്യാഭ്യാസരംഗം സേവനരംഗം മാത്രമായിരുന്നു. പൊതു- സ്വകാര്യമേഖലകളുടെ ലക്ഷ്യവും മാർഗവും രണ്ടല്ലാത്ത അവസ്ഥ അപ്പോഴുണ്ടായിരുന്നു എന്നു പറയാം. എന്നാൽ, ആരോഗ്യകരമായ ഈ സ്ഥിതിവിശേഷത്തിൽ നിന്നും സ്വാർത്ഥതയുടെയും ലാഭത്തിന്റെയും മാത്രം അളവുപാത്രങ്ങൾ വിദ്യാഭ്യാസരംഗത്തും കടന്നുവന്നത് എങ്ങനെയാണെന്ന് ഗ്രന്ഥകർത്താവ് തന്റെ ലേഖനങ്ങളിൽ പരിശോധിക്കുന്നുണ്ട്. പല ലേഖനങ്ങളിൽ പറയുന്ന കാര്യങ്ങൾ ചേർത്തുവെയ്ക്കുമ്പോഴാണ് ഈ മാർഗം തെളിഞ്ഞുകിട്ടുന്നത്. കേരളത്തിൽ പൊതുവിദ്യാലയങ്ങളുടെ തകർച്ചയ്ക്കുള്ള കാരണങ്ങൾ, സ്വകാര്യ വിദ്യാലയങ്ങൾ നേടിയെടുത്ത മേൽക്കൈ, ലാഭകരമല്ലാത്തതിന്റെ പേരിൽ നടക്കുന്ന സ്കൂൾ അടച്ചുപൂട്ടലുകൾ, വിദ്യാഭ്യാസത്തിന്റെ മൗലികലക്ഷ്യത്തെ മറന്നുള്ള പ്രവർത്തനങ്ങൾ, ഭാഷയെയും സംസ്കാരത്തെയും തിരസ്കരിക്കുന്ന പാഠ്യപദ്ധതികൾ തുടങ്ങിയവയെല്ലാം ലേഖകൻ ചൂണ്ടിക്കാട്ടുന്നുണ്ട്. അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ ഉന്നത വിദ്യാഭ്യാസരംഗം വരെ ചെന്നെത്തുന്നുണ്ട്.




വിദ്യാഭ്യാസം പുനർനിർവചിക്കുമ്പോൾ
എസ്. രാജശേഖരൻ
നാഷണൽ ബുക് സ്റ്റാൾ
വില - 55

ഉന്നത വിദ്യാഭ്യാസരംഗത്തെ ലക്ഷ്യങ്ങൾ അതിവേഗം എങ്ങനെ അട്ടിമറിക്കപ്പെടുന്നു എന്ന് സംസ്കൃത സർവ്വകലാശാലയെ മുൻനിർത്തി ലേഖകൻ പരിശോധിക്കുന്നുണ്ട്. ഓരോ സർവ്വകലാശാലയും രൂപീകരിക്കപ്പെടുന്നതിന്റെ പിന്നിലുള്ള യുക്തി അതിവേഗം അപ്രസക്തമാവുകയും അധികാരികളുടെ അഴിമതിക്കും മററു ലക്ഷ്യങ്ങൾക്കും അടിപ്പെടുകയും ചെയ്യുന്നത് അദ്ദേഹം വ്യക്തമായി വരച്ചിടുന്നുണ്ട്.

മതവിഭാഗങ്ങൾ, സർക്കാർ സഹായത്തോടെ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വന്തം താല്പര്യങ്ങൾക്കായി ഉപയോഗിക്കുന്നതും കേവലം മതതാല്പര്യങ്ങൾ വളർത്താൻ ഇത്തരം സ്ഥാപനങ്ങളെ ഉപയോഗിക്കുന്നതും അറിഞ്ഞിരിക്കേണ്ടതുണ്ട്. " ഒരിന്ത്യ, ഒരു കേരളം, ഒരു ജനത എന്ന ചിന്താഗതിക്കുപകരം വ്യത്യസ്ത സമുദായങ്ങൾ, വ്യത്യസ്തതാല്പര്യങ്ങൾ, അങ്ങനെ പരസ്പരം മത്സരിക്കുന്ന പല ജനതകൾ എന്ന ബോധമാണ് ഈ വിദ്യാഭ്യാസം ഊട്ടിവളർത്തിയത്" എന്ന് ലേഖകൻ പറയുന്നത് ശ്രദ്ധിക്കണം. സ്വാശ്രയവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ന്യൂനപക്ഷസമുദായത്തിന്റെ അവകാശങ്ങൾ ചോദ്യം ചെയ്യപ്പെടുന്നു എന്ന ആരോപണം ഉയരുമ്പോൾ കേരളത്തിലെ ചുററുപാടിൽ ഈ മതസ്ഥാപനങ്ങൾ നടത്തുന്ന കടന്നുകയററങ്ങൾ തിരിച്ചറിയാതിരുന്നു കൂട. സജീവമായ ചർച്ചക്ക് കാരണമാകാവുന്ന കാര്യങ്ങളാണ് വിദ്യാഭ്യാസവും സാമുദായിക സംഘടനകളും എന്ന ലേഖനം മുന്നോട്ടുവയ്ക്കുന്നത്. വിദ്യാലയങ്ങളിലെ വിദ്യാർത്ഥി രാഷ്ട്രീയത്തെ സംബന്ധിച്ചും മലയാള ഭാഷാപഠനത്തെയും ഗവേഷണത്തെയും സംബന്ധിച്ചും ഉള്ള ലേഖനങ്ങൾ ഈ സമാഹാരത്തിലുണ്ട്. 'വേണ്ടത് സമഗ്രമായ ശസ്ത്രക്രിയ', 'കേരളത്തിന്റെ വിദ്യാഭ്യാസം പുനർ നിർവചിക്കുമ്പോൾ' എന്നീ ആദ്യത്തേതും അവസാനത്തേതുമായ ലേഖനങ്ങൾ കേരള വിദ്യാഭ്യാസത്തിന്റെ പൊതുപ്രശ്നങ്ങളെ ഗൗരവകരമായി പരിശോധിക്കുന്നവയാണ്.

ഭരണമുന്നണിയിലെ മുഖ്യകക്ഷി വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തതിലൂടെ ഒരു നല്ല സന്ദേശമാണ് കേരളജനതയ്ക്ക് ലഭിച്ചത്. ആ സന്ദേശത്തെ അർത്ഥവത്താക്കാൻ പര്യാപ്തമായ നിരീക്ഷണങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്. ഒരു പക്ഷേ സജീവ ചർച്ചയ്ക്ക് ആശ്രയിക്കാവുന്നവ. അതാണ് ഈ പുസ്തകത്തിന്റെ സമകാലിക പ്രസക്തി.



Furniture

KURIKKALS

പരവത്താനി

Ooty Road, Manjeri

Phone: 2766431, 2766004




BUTTERFLIES

FASHION SHOWROOM

KACHERIPADI

MANJERI

MOB: 9895392395



P.S. Mohana kumar
SS College, Kalady

# Rural Infrastructure Index







Rural infrastructure is a key indicator to economic development especially agricultural growth. The agricultural performance of a country mainly depends on the availability of rural infrastructural facilities. Rural infrastructure consists of certain key indicators, which facilitates livelihood access. They reflect certain basic amenities available in rural areas such as

* Road length per thousand persons
* Percentage of villages without electricity
* Percentage of households without electricity
* Percentage of households without piped water

The chosen indicators are first converted into indices and then averaged together to get the composite index. The composite index is the average of all indicators. Each index measures the distance of the State from the worst possible situation, compared to distance between the best and worst State. A composite rural infrastructure index of 99% of Bihar means that Bihar has to travel 99% of the distance to reach the level of state with the best, infrastructure. The rural infrastructure indices, (RII) of the states are given below.

| State | RII(%) | Assam | 74.6 |
|---|---|---|---|
| A.P | 42.3 | Chattisgath | 60.0 |
| Bihar | 99.2 | Haryana | 34.9 |
| Gujarat | 30.8 | Karnataka | 35.8 |
| H.P | 11.8 | Tharkand | 80.0 |
| Kerala | 39.7 | Maharastra | 32.4 |
| M.P | 57.4 | Punjab | 37.7 |
| Orissa | 64.6 | Tamil Nadu | 31.4 |
| Rajasthan | 56.9 | Uttaranchal | 70.0 |
| U.P | 84.1 | W.Bengal | 89.9 |

## BIMSTEC

BIMSTEC is a newly formed economic co-operation region between Bangladesh, India, Myanmar, Srilanka, Thailand, Bhutan and Nepal is BIMSTEC. It better known as Bay of Bengal initiate for Multisectoral Technical and Economic Co-operation. The initiative for this economic co-operation was taken in the year 1997. BIMSTEC was formed with the idea of imparting greater socio-economic co-operation among the member nations in the areas of technology, transport and communication, energy, tourism, agriculture, fisheries and human resource development. The BIMSTEC members have agreed to set up a free trade area (FTA) by July 2007. Negotiations under BIMSTEC umbrella will be easier than under SAFTA because all the BIMSTEC members are purely guided by economic interests rather than by political interests.

### *Monthly Tips*

1. *Economic Integration*

   There are 4 forms of regional trade agreements (RTA) viz. Free Trade Area (FTA), customs market (CM) and economic unions (EU). A deepening of economic union involves members graduating from FTA to CU, thereafter from CU, to CM, and finally from CM to CU.

2. *Tax Buoyancy*

   It measures the percentage response of tax revenue to a one percent change in the tax base, usually proxied by GDP. The buoyancy co-efficient estimates the revenue response with tax policy.

പ്രൊഫ. കെ.എസ്.ജയചന്ദ്രൻ
കൺവീനർ, സർവ്വീസ് സെൽ

# വിരമിക്കുന്ന സമയത്ത് പെൻഷൻ കണക്കാക്കുന്ന വിധം

■ ഞാൻ 2008 മാർച്ചിൽ കോളേജിൽ നിന്ന് വിരമിക്കുകയാണ്. അപ്പോൾ എനിക്ക് 29 വർഷവും 4 മാസവും സർവീസ് ഉണ്ടാകും. എങ്ങനെയാണ് എന്റെ പെൻഷനും ഗ്രാറ്റുവിറ്റിയും നിശ്ചയിക്കുന്നത്? വിശദീകരിക്കാമോ?

□ വിരമിക്കുന്ന സമയത്ത് പെൻഷൻ കണക്കാക്കുന്നത് പ്രധാനമായും രണ്ട് ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ്.

1. പെൻഷന് യോഗ്യമായ സേവനക്കാലത്തിന്റെ ദൈർഘ്യം.
2. വിരമിക്കുന്നതിന് തൊട്ടുമുമ്പുള്ള പത്ത് മാസത്തെ ശരാശരി വേതനം.

പെൻഷൻ ലഭിക്കുന്നതിനുള്ള ചുരുങ്ങിയ സേവനകാലം 10 വർഷവും പരമാവധി സേവനകാലം 30 വർഷവുമാണ്. 30 വർഷത്തെ സേവനകാലം പൂർത്തിയാക്കിയ അധ്യാപകന് പൂർണ്ണമായ അടിസ്ഥാന പെൻഷന് അർഹതയുണ്ടായിരിക്കും. എന്നാൽ, 30 വർഷം സേവനകാലം തികയാത്ത അധ്യാപകന്, പൂർണ്ണ അടിസ്ഥാനപെൻഷന്റെ ഒരു നിശ്ചിത അനുപാതം മാത്രമേ അടിസ്ഥാന പെൻഷനായി ലഭിക്കുകയുള്ളൂ. ഉദാഹരണത്തിന് 25 വർഷത്തെ സേവനം പൂർത്തിയാക്കി വിരമിക്കുന്ന അധ്യാപകന് പൂർണ്ണ അടിസ്ഥാന പെൻഷന്റെ മുപ്പതിൽ ഇരുപത്തിയഞ്ച് ഭാഗമായിരിക്കും അടിസ്ഥാന പെൻഷനായി ലഭിക്കുക. പെൻഷന് യോഗ്യമായ സേവനകാലം കണക്കാക്കുമ്പോൾ, 6 മാസത്തിൽ കുറവുള്ളത് നിരാകരിക്കുകയും 6 മാസത്തിൽ കൂടുതലുള്ളത് ഒരു വർഷമായി കണക്കാക്കുയും ചെയ്യും. എന്നാൽ, 29 വർഷവും ഒരു ദിവസവും സേവനകാലമുള്ള അധ്യാപകന്റെ സർവ്വീസ് 30 വർഷമായി കണക്കാക്കുന്നതാണ്. (പെൻഷന് വേണ്ട ചുരുങ്ങിയ സേവനകാലം 10 വർഷമാണെങ്കിലും 9 വർഷവും 1 ദിവസവും സേവനം പൂർത്തിയാക്കിയവർക്കും പെൻഷൻ ലഭിക്കും).

വിരമിക്കുന്നതിന് തൊട്ടുമുമ്പുള്ള പത്ത് മാസത്തെ വേതനത്തിന്റെ ശരാശരിയുടെ പകുതിയാണ് പൂർണ്ണ അടിസ്ഥാനപെൻഷൻ. ഇവിടെ വേതനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അടിസ്ഥാന ശമ്പളം, പേഴ്സണൽ പേ, സ്പെഷ്യൽ പേ എന്നിവയാണ്. (50 ശതമാനവും ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ച സാഹചര്യത്തിൽ അതും അവസാനത്തെ 10 മാസത്തെ ശരാശരി വേതനം കണക്കാക്കുന്നതിൽ ഉൾപ്പെടുത്തും). അടിസ്ഥാന പെൻഷന്റെ കൂടെ നിലവിലുള്ള നിരക്കിലുള്ള ക്ഷാമബത്തയും ലഭിക്കും. മേൽപറഞ്ഞതുപോലെ 30 വർഷത്തെ സേവന ദൈർഘ്യമുള്ളവർക്ക് പൂർണ്ണമായ പെൻഷനും അതിൽ കുറവ് സർവീസ് ഉള്ളവർക്ക് ആനുപാതിക പെൻഷനുമാണ് ലഭിക്കുക. അതുകൊണ്ട്, ഈ മറുപടിക്ക് ആധാരമായ ചോദ്യം ഉന്നയിച്ച അധ്യാപകന് പൂർണ്ണ അടിസ്ഥാന പെൻഷനും അതനുസരിച്ചുള്ള ക്ഷാമബത്തക്കും അർഹതയുണ്ട്.

ഗ്രാറ്റുവിറ്റി ലഭിക്കുന്നതിന് 5 വർഷത്തെ സേവനകാലം പൂർത്തിയായിരിക്കണം എന്ന നിബന്ധനയുണ്ട്. ഗ്രാറ്റുവിറ്റി കണക്കാക്കുന്നതിനുള്ള പരമാവധി സേവനകാലം 33 വർഷവും പരമാവധി ഗ്രാറ്റുവിറ്റി 3,30,000 രൂപയുമാണ്. വിരമിക്കുന്ന മാസത്തെ ആകെ വേതനത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രാറ്റുവിറ്റി നിശ്ചയിക്കുന്നത്. ഇവിടെ ആകെ വേതനത്തിൽ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ഉൾപ്പെടുന്നതാണ്. പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവനത്തിനും അരമാസത്തെ വേതനം എന്ന നിരക്കിലാണ് ഗ്രാറ്റുവിറ്റി അനുവദിക്കുന്നത്. പരമാവധി 16.5 മാസത്തെ വേതനം അല്ലെങ്കിൽ 3,30,000 രൂപാ ഇതിൽ ഏതാണ് കുറവ് അതാണ് ഗ്രാറ്റുവിറ്റിയായി ലഭിക്കുക. ഈ ചോദ്യം ഉന്നയിച്ച അധ്യാപകന്റെ ഗ്രാറ്റുവിറ്റി എന്തായാലും 3,30,000 രൂപയായിരിക്കും.

■ സ്വയം വിരമിക്കുന്നതുമായി (voluntary retirement) ബന്ധപ്പെട്ട നിബന്ധനകൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ?

□ കേരള സർവീസ് റൂൾസ് പാർട്ട് മൂന്നിലെ റൂൾ 56ൽ സ്വയം വിരമിക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള നിബന്ധനകൾ കൊടുത്തിട്ടുണ്ട്.

1. സ്വയം വിരമിക്കാനുദ്ദേശിക്കുന്ന തീയതിക്ക് മൂന്ന് മാസം മുമ്പായി നിയമനാധികാരിക്ക്, ജോലിയിൽ നിന്ന് വിരമിക്കാനുദ്ദേശിക്കുന്ന കാര്യം രേഖാമൂലം നൽകിയിരിക്കണം. (മൂന്ന് മാസം എന്നുള്ള നിബന്ധനയിൽ വേണമെങ്കിൽ നിയമനാധികാരിക്ക് ഇളവ് വരുത്താം)
2. സ്വയം വിരമിക്കുന്നവർ 20 വർഷത്തെ സേവനകാലം പൂർത്തിയാക്കി എന്ന് ഉറപ്പ് വരുത്തണം. ( അര വർഷത്തിൽ കൂടുതലുള്ള സേവനകാലം ഇവിടെ ഒരു വർഷമായി പരിഗണിക്കുകയില്ല)
3. ഇങ്ങനെ സ്വയം വിരമിക്കുന്നവരുടെ സേവനകാലം 5 വർഷം കൂടി കൂട്ടിക്കൊടുക്കുന്നതാണ്. എന്നാൽ, ഇങ്ങനെ കൂട്ടിക്കൊടുക്കുമ്പോൾ ആകെ സേവനകാലം 33 വർഷത്തിൽ കൂടാൻ പാടില്ല. എന്ന് മാത്രവുമല്ല, ഇങ്ങനെ കൂട്ടിക്കൊടുക്കുന്ന കാലയളവ് സ്വയം വിരമിക്കാൻ ഉദ്ദേശിക്കുന്ന തീയതിയിലെ വയസ്സും സ്വാഭാവികമായി വിരമിക്കുന്ന സമയത്തുള്ള വയസ്സും തമ്മിലുള്ള വ്യത്യാസത്തിൽ കൂടാനും പാടില്ല.

വായനക്കാരുടെ സർവ്വീസ് സംബന്ധമായ സംശയങ്ങൾക്ക് എഴുതുക.

**പ്രൊഫ. കെ. എസ്. ജയചന്ദ്രൻ**
മേഘന, മണ്ണൂത്തി പി. ഒ., തൃശ്ശൂർ- 680 651
ഫോൺ: 0487-2371971

ഡോ. എം. ആർ. സുദർശനകുമാർ
എം.ജി. കോളജ്, തിരുവനന്തപുരം



# പ്ലാസ്റ്ററിക് മാലിന്യ പ്രശ്നത്തിന് പരിഹാരം

നമ്മുടെ ചുററുപാടുമുള്ള പ്ലാസ്ററിക് മാലിന്യത്തെ നിർമ്മാർജ്ജനം ചെയ്യുവാൻ സഹായകരമായ ഒരു പ്രക്രിയ കണ്ടുപിടിച്ച് അൽക സദ്ഗോവൻകർ ശ്രദ്ധ നേടി. നാഗ്പൂരിലുള്ള ഒരു കോളജിലെ രസതന്ത്ര അദ്ധ്യാപികയാണ് അൽക സദ്ഗോവൻകർ. നമ്മുടെ നഗരങ്ങളിൽ കുമിഞ്ഞുകൂടുന്ന പ്ലാസ്ററിക് മാലിന്യത്തെ ഉപയോഗപ്രദമായ എന്തെങ്കിലുമാക്കി മാററാൻ സാധിക്കുമോ എന്നവർ ചിന്തിച്ചു. അതിനുവേണ്ടി അവർ നടത്തിയ ഗവേഷണമാണ് ഉത്പ്രേരകമുപയോഗിച്ച് പരിസ്ഥിതി സൗഹൃദപരമായ ഈ പ്രക്രിയയ്ക്ക് വഴിതെളിച്ചത്. സദ്ഗോവൻകർ പേററന്റ് നേടിയ ഈ പ്രക്രിയ വഴി ഏത് തരത്തിലുള്ള പ്ലാസ്ററിക്കും സംസ്കരിക്കുവാൻ സാധിക്കുന്നതാണ്. അവർ സ്ഥാപിച്ച ഫാക്ടറിയിൽ ഈ പ്രക്രിയയിലൂടെ ഇപ്പോൾ ദിവസവും 5 ടൺ പ്ലാസ്ററിക് സംസ്കരിച്ച് ഇന്ധന എണ്ണയായി മാററുന്നുണ്ട്. 25 ടൺ പ്ലാസ്ററിക് സംസ്കരിക്കാൻ ശേഷിയുള്ള ഫാക്ടറി ഉടൻ സ്ഥാപിക്കുന്നതാണ്.

## പുതിയ കണങ്ങൾ[2]

പല പുതിയ കണങ്ങളും ഈയിടെ കണ്ടെത്തി. മൂന്ന് ക്വാർക്കുകൾ കൊണ്ട് നിർമ്മിച്ച പ്രോട്ടോണുകളെപ്പോലെയുള്ള ബാരിയോണുകളാണ് കണ്ടെത്തിയത്. ആറുതരത്തിലുള്ള ക്വാർക്കുകളാണുള്ളത്. അവ up, down, strange, charm, bottom, top എന്നിവയാണ്. ഭാരം കുറഞ്ഞ up, down എന്നീ ക്വാർക്കുകൾ ചേർന്നാണ് പ്രോട്ടോണും ന്യൂട്രോണും നിർമ്മിച്ചിരിക്കുന്നത്. ഫെർമി ലാബിൽ ഈയിടെ കണ്ടെത്തിയ 'സിഗ്മ-ബി' കണങ്ങൾക്ക് പ്രോട്ടോണിന്റെ ആറിരട്ടി ദ്രവ്യമാനമുണ്ട്. ഇതിലൊന്നിൽ രണ്ട് up ക്വാർക്കും ഒരു bottom ക്വാർക്കുമാണുള്ളത്. മററൊന്നിൽ രണ്ട് down ക്വാർക്കും ഒരു bottom ക്വാർക്കുമാണുള്ളത്. ജപ്പാനിലെ കെ. ഇ. കെ. ലാബിൽ കണ്ടെത്തിയ രണ്ടു പുതിയ 'xi' ബാരിയോണുകൾക്ക് 'സിഗ്മ-ബി' കണങ്ങളുടെ പകുതി ഭാരമേയുള്ളൂ. ഇവയിൽ charm, strange എന്നീ ക്വാർക്കുകളാണുള്ളത്.

## പുതിയ ജലരൂപം[3]

ന്യൂ മെക്സിക്കോയിലെ ലോസ് അലമോസ് നാഷണൽ ലാബറട്ടറിയിലെ വെൻഡിവാവോയും സംഘവും ഉന്നത മർദ്ദത്തിൽ സ്ഥിതിചെയ്യുന്ന മഞ്ഞുകട്ടയിൽ ആറു മണിക്കൂർ എക്സ്-റേ പതിപ്പിച്ചു. മഞ്ഞു കട്ടയിലുള്ള ഹൈഡ്രജൻ തന്മാത്രയും ഓക്സിജൻ തന്മാത്രയും വേർതിരിഞ്ഞ് പുനഃസംയോജിച്ച് തവിട്ടു നിറത്തിലുള്ള സ്ഥിരതയുള്ള പുതിയ സങ്കരമായി രൂപാന്തരപ്പെട്ടു. ഉയർന്ന മർദ്ദത്തിൽ ഈ സങ്കരം വച്ചിരുന്നാൽ 120 ദിവസത്തോളം കേടുകൂടാതെയിരിക്കും. ഹൈഡ്രജൻ ഇന്ധമായി ഉപയോഗിക്കുവാൻ ഈ ഗവേഷണ ഫലം സഹായകരമാകുമെന്ന് ശാസ്ത്രജ്ഞർ കരുതുന്നു.

## കട്ടൻ ചായ ഉത്തമം[4]

ചായയിൽ അടങ്ങിയിരിക്കുന്ന cafe chins ഹൃദ്രോഗത്തെ പ്രതിരോധിക്കാൻ കഴിവുള്ള സംയുക്തങ്ങളാണ്. എന്നാൽ ചായയിൽ പാൽ ചേർക്കുമ്പോൾ ഈ ഗുണം



നഷ്ടപ്പെടുന്നതായി ഗവേഷകർ കണ്ടെത്തി. പാലിലടങ്ങിയിരിക്കുന്ന casein എന്ന പ്രോട്ടീനാണ് ഇവയുടെ ഔഷധ ഗുണമില്ലാതാക്കുന്നത്.

**References**

1. Resurgence, January/February 2007, p.10
2. Physics world, December 2006, p. 4
3. New Scientist, 13 January 2007, p. 5
4. New Scientist, 4 November 2006, p. 16

എസ്. ഭാസിരാജ്
എൻ.എസ്.എസ് കോളജ്, നിലമേൽ



# കാലത്രയം

1

നിറസന്ധ്യയിലംബര മുകളിൽ
കലിതുള്ളിയ തെയ്യക്കോലം
കണ്ണുകളിൽ കനലുനിറഞ്ഞു
കരവാളിൽ മിന്നലിടഞ്ഞു
അരമണിയിൽ പന്തമെരിഞ്ഞു
കാൽത്തളയിൽ കാലമുടഞ്ഞു
കരിമുകിലിൻ കുന്തലഴിഞ്ഞു
പലവർണ്ണ ചായമലിഞ്ഞു
കരളിൽ കലികാമമൊഴിഞ്ഞു
മദമററുമയങ്ങീ വീണ്ടും

2

രാവിൻ ശാന്തഹൃദന്തവിശാലത
ഉണർന്നുയരുന്നോരസുര നിനാദം
ചിന്തയിലതുപെരുമഴ,
ഇഴമുറിയാതെ തിമിർക്കും-
സംഘവിലാപം
മണ്ണിൻമുറിവുകളിൽ നിന്നുഷ്ണം പാററി
ഉണർന്നുപറന്നകിനാക്കൾ
ചിറകുകൊഴിഞ്ഞു പിടഞ്ഞു മരിച്ച യുവാക്കൾ.

3

കറുത്തമണ്ണിൽ വിളഞ്ഞവിത്തും
കടൽകടന്നു കടം നിറഞ്ഞു
കരുതിവച്ചകനലുപോലും
ഉറുമ്പരിച്ചു പശിയടക്കി
ഉലയിലൂതിതെളിഞ്ഞനോവും
ഉയിരുടമ്പിലഴകു ചാർത്തി
പണിക്കുപോയി മടങ്ങിടുമ്പോൾ
പണിതകണ്ടം മണ്ണടിഞ്ഞു
കനവുകളായുള്ളിൽ വീണ
കതിരതെല്ലാം പതിരുമാത്രം
പതിരളന്നു പത്'മെടുത്തു
പടിയിറങ്ങി നടപ്പുനമ്മൾ

പതം = കൊയ്ത്തുകാർക്കു കൊടുക്കുന്ന കൊററ്.

**തൃശ്ശൂർ ജില്ല**

# നവോത്ഥാന നായികമാർക്ക് സ്നേഹാദരങ്ങൾ



കേരളീയ ജീവിതത്തിന്റെ ഇരുൾ വഴികളിൽ വെളിച്ചം പകർന്ന നവോത്ഥാന നായികമാർക്ക് ശ്രീ കേരളവർമ കോളജിന്റെ സ്നേഹാദരങ്ങൾ. കേരളത്തിന്റെ സാമൂഹ്യജീവിതത്തെ പുതുക്കിപ്പണിയുന്നതിന് നവോത്ഥാനത്തിന്റെ പോരാട്ട നാളുകളിൽ സ്വന്തം ജീവിതവും കർമവും സമർപ്പിച്ച ഒരു ഡസനിലേറെ ധീരവനിതകളെയാണ് കേരളവർമ കോളജ് വനിതാ സെല്ലിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചത്.

ജോലിക്കും കൂലിക്കും വേണ്ടിയുള്ള സമരം, അയിത്തജാതിക്കാർക്കു വഴി നടക്കുന്നതിനുള്ള സമരം, നമ്പൂതിരി സമുദായത്തിലെ സ്ത്രീകളെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് കൊണ്ടുവരുന്നതിനുവേണ്ടി നടത്തിയ പോരാട്ടങ്ങൾ, മിശ്രവിവാഹത്തിലൂടെ നമ്പൂതിരി സമുദായ ചിന്തകളിൽ കോളിളക്കമുണ്ടാക്കിയ സമരം, പാലിയം സമരം തുടങ്ങിയ കേരളീയ നവോത്ഥാനത്തിന്റെ ചരിത്രപ്പടവുകളിൽ വെളിച്ചം വിതറിയ സമരങ്ങൾക്ക് ഊർജവും ചൈതന്യവും പകർന്നവരാണ് ആദരിക്കപ്പെട്ടത്. വാർധക്യത്തിന്റെ ശാരീരികാവശതകൾക്കിടയിലും മനസിലും ചിന്തയിലും അണയാത്ത അഗ്നിയുമായാണ് അവർ ആദരവുകൾ ഏററുവാങ്ങിയത്.

അവർണർക്ക് സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടി നടത്തിയ കുട്ടംകുളം സമരത്തിലെ നായികമാരിൽ ഒരാളായ കുറുമ്പ, മണിമലർക്കാവ് മാറുമറയ്ക്കൽ സമരത്തിലെ ധീരനായികമാരായ വേളത്ത് ലക്ഷ്മിക്കുട്ടിയമ്മ, നെല്ലിക്കൽ ജാനകി, ആര്യാപള്ളത്തിന്റെ മകൾ മുരളിടീച്ചർ, ലക്കിടിയിലെ തൊഴിൽ സമരത്തിനു നേതൃത്വം നൽകിയ കണ്ണമ്പുള്ളി ശ്രീദേവി, ഓങ്ങല്ലൂർ ഗംഗാദേവി, യോഗക്ഷേമ സഭയുടെ പ്രവർത്തനങ്ങളിൽ സ്ത്രീമുന്നേററ പാത വെട്ടിത്തുറന്ന പാർവതി അന്തർജനം എന്നിവർക്ക് കലാലയത്തിലെ പുതുതലമുറ സ്നേഹാദരങ്ങൾ ചൊരിഞ്ഞു.

പാലിയം സമരപങ്കാളിത്തം കൊണ്ടും നമ്പൂതിരി സമുദായത്തിൽ മിശ്രവിവാഹം കൊണ്ടും ചരിത്രം രചിച്ച പ്രിയദത്ത കല്ലാട്ട്, അന്തർജന സമാജത്തിൽ പോരാട്ടത്തിന്റെ കനൽവഴികളൊരുക്കിയ ദേവകീനിലയങ്ങോട്, നമ്പൂതിരി സമുദായത്തിലെ വിധവാ വിവാഹം കൊണ്ട് വിപ്ളവം സൃഷ്ടിച്ച ആര്യാ അന്തർജനം, നാടകത്തിലൂടെയും കലാ പ്രവർത്തനങ്ങളിലൂടെയും നവോത്ഥാന സങ്കൽപങ്ങൾക്കു ചാരുത പകർന്ന നിലമ്പൂർ ആയിഷ, നിലമ്പൂർ ബാലന്റെ ഭാര്യയും നടിയുമായ നിലമ്പൂർ വിജയലക്ഷ്മി, തിരുവിതാംകൂറിലെ നവോത്ഥാനപോരാട്ടങ്ങൾക്ക് ഊർജം പകർന്ന കൂത്താട്ടുകുളം മേരി എന്നിവരും കലാലയ കൗമാരത്തിന്റെ സ്നേഹാദരങ്ങൾ ഏററുവാങ്ങി.

കോളജ് ഓഡിറേറാറിയത്തിൽ നടന്ന ചടങ്ങിൽ വനിതാസെൽ ജോയിന്റ് കൺവീനർ ഡോ. എ. സി. രാജേശ്വരികുഞ്ഞമ്മ അധ്യക്ഷയായിരുന്നു. പ്രിൻസിപ്പൽ പ്രൊഫ. ആർ. ഗോപാലകൃഷ്ണപിള്ള ഉദ്ഘാടനം ചെയ്തു. പ്രൊഫ. വി. ജി. തമ്പി, വീരവനിതകൾക്ക് ആശംസകൾ നേർന്നു. കലാലയത്തിന്റെ ഉപഹാരങ്ങൾ അധ്യാപകർ സമ്മാനിച്ചു.

സ്നേഹാദരങ്ങൾക്ക് നവോത്ഥാന നായികമാർ നന്ദി പറഞ്ഞു. പോയകാല പോരാട്ടങ്ങളുടെ വഴികൾ അന്വേഷിക്കാനും അവിടെ നിന്നുള്ള പ്രകാശബിന്ദുക്കളെ വർത്തമാനകാല പോരാട്ടങ്ങൾക്കുള്ള ഊർജമാക്കി മാററാനും മനസുകാണിച്ച വനിതാ സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് അവർ ആശംസകളർപ്പിച്ചു. ചരിത്രത്തിനു പുതിയ ദിശാബോധം നൽകാൻ സമരതീക്ഷ്ണമായ യൗവ്വനം സമ്മാനിച്ച തങ്ങളുടെ ജീവിതവഴികളിൽ നിന്ന് പുതിയ തലമുറ മാറി സഞ്ചരിക്കുന്നതിന്റെ വേദനകളും വിഹ്വലതയും നവോത്ഥാന നായികമാർ മറുപടി പ്രസംഗത്തിൽ പങ്കുവെച്ചു.

വനിതാസെൽ കൺവീനർ ടി എ ഉഷാകുമാരി സ്വാഗതവും കോളജ് യൂണിയൻ ചെയർമാൻ സതീഷ് നന്ദിയും പറഞ്ഞു.

കണ്ണൂർ ജില്ല

# REVAMPING TEACHER EDUCATION CURRICULUM

## Two Day Seminar organized by the Academic Committee of AKPCTA on 18 and 19 November 2006

The two day State level workshop on "Revamping Teacher Education Curriculum" was organized on 18 and 19 November 2006 at Government Engineering College, Kannur.

The workshop was inaugurated by Dr P Chandramohan, Honourable Vice Chancellor of Kannur University. In his inaugural address, the Vice Chancellor congratulated AKPCTA for venturing a workshop on the most relevant topic of curriculum revision in teacher education, which is the need of the hour. Prof A P Kuttikrishnan, State President AKPCTA delivered the presidential address and Prof R Mohan Kumar, General Secretary AKPCTA gave the key note address. Dr Anil R, General Convenor, organizing committee gave the welcome address and Dr Ashokan, Convenor, District Academic Committee proposed the vote of thanks. In the technical sessions that followed, Sri O M Sankaran (Rtd. Principal, DIET, Thalassery) presented the draft paper on the NCTE-NCERT draft curriculum 2006. This was followed by a panel discussion by representatives from all the four universities of Kerala. Dr (Mrs) Anandi Martis was the moderator for the panel discussion. The following membersled the panel discussions representing their universities:

1. Sri Thomas Uzhuvath (Kerala University)
2. Dr T M Molykutty (Mahatma Gandhi University)
3. Sri K Rajagopalan (Calicut University)
4. Sri Ashraf T P (Kannur University)

In the afternoon session, Dr (Mrs) Anandi Martis presented on the rationale for renewal of pre service teacher education programme. She also conducted a workshop session on "Steps in Curriculum Construction"

In the next session, the model curriculum framework which was proposed by NCTE was discussed. Accordingly a group work was conducted to bring out the core components of the model curriculum. From the responses of the group work, it was agreed upon to select the "one and half year" model as suitable for the universities of Kerala. The core components of the model curriculum was presented by the different groups.

The workshop was attended by 52 participants. In the Valedictory session, Dr Pradeep Kumar, Secretary AKPCTA District Committee welcomed everyone. Dr Y V Sukumaran, Chairman, Organising Committee delivered the presidential address. In her concluding remarks Dr (Mrs) Anandi Martis proposed for conduct of another workshop to develop the core components and for working out the syllabus. Sri C Padmanabhan, State Secretary AKPCTA and Fr P J George, Principal. P.K.M. College of Education, Madampam gave felicitations on the occasion. Sri Pramod Vallachal, Joint Secretary AKPCTA District Committee proposed the vote of thanks.

കോട്ടയം ജില്ല

## എ.കെ.പി.സി.ടി.എയ്ക്ക് എതിരില്ല

തലയോലപ്പറമ്പ് ഡി. ബി. കോളജ് കൗൺസിലിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഡോ. ബി. പത്മനാഭപിള്ള (മലയാളം) പ്രൊഫ. കെ. വേണുഗോപാൽ (ഫിസിക്സ്), പ്രൊഫ. കെ. കെ. അശോകൻ (കെമിസ്ട്രി) എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു

മലപ്പുറം ജില്ല

## എ.കെ.പി.സി.ടി.എയ്ക്ക് വമ്പിച്ച വിജയം

മഞ്ചേരി എൻ.എസ്.എസ്.കോളജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ ഭരണസമിതിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ എ.കെ.പി.സി.ടി. എ, കെ. എൻ. ടി. ഇ. ഒ സഖ്യം വൻവിജയം നേടി.

# CALICUT UNIVERSITY
# ACADEMIC COUNIL ELECTION
# RESULT OF SUCCESSFUL AKPCTA CANDIDATES

| | | |
|---|---|---|
| Sanskrit | : | **P.G. Balakrishnan**<br>(NSS College, Ottappalam) |
| Education | : | **Muhammed Ishak**<br>(Farook Training College, Farook) |
| Malayalam | : | **Dr. K.V. Thomas**<br>(Malabar Christain College, Kozhikkode) |
| English | : | **Dr. N.R. Anilkumar**<br>(Sree Kerala Varma College, Trissur) |
| Ayurveda | : | **Dr. K.G. Viswanathan**<br>(Ayurveda College, Ollur) |
| Statistics | : | **Dr. P. Anilkumar**<br>(Farook College, Farook) |
| Hindi | : | **Dr. Sunny. N.M**<br>(Malabar Christian College, Kozhikode) |
| Economics | : | **Muhammad Kamaludeen . K.T**<br>(MESKC, Mannarkkad) |
| Psychology | : | **Dr. K. Manikandan**<br>(Farook College, Farook) |
| Politics | : | **Dr. K.S. Pavithran**<br>(S.N. College, Nattika) |
| European Language | : | **Dr. P. Rajalakshmi**<br>(Malabar Christain College, Kozhikkode) |
| Sociology | : | **N.P. Hafiz Muhamed**<br>(Farook College, Farook) |
| library & Information Science | : | **K.C.Abdul Majeed**<br>(Farook College, Farook) |



# എ.കെ.പി.സി.ടി.എ

## 49-ാം സംസ്ഥാന സമ്മേളനം

കോട്ടയ്ക്കൽ, മലപ്പുറം
2006 മാർച്ച് 9, 10, 11

## സ്വാഗതസംഘം രൂപീകരിച്ചു

മാർച്ച് 9, 10, 11 തീയതികളിൽ കോട്ടയ്ക്കൽ വെച്ചു നടക്കുന്ന എ.കെ.പി.സി.ടി.എ. യുടെ 49-ാം സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗതസംഘം രൂപികരിച്ചു. കോട്ടയ്ക്കൽ പ്ളാസാ ടവറിൽ 2007 ഫെബ്രുവരി 3-ാം തീയതി നടന്ന സ്വാഗതസംഘ രൂപീകരണയോഗം സി.പി.ഐ. (എം) ജില്ലാ സെക്രട്ടറിയേററംഗം കൂട്ടായി ബഷീർ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ മേഖല രൂക്ഷമായ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ സ്വകാര്യ കോളജദ്ധ്യാപകരുടെ സമരസംഘടനയായ എ.കെ.പി.സി.ടി.എ. യുടെ സംസ്ഥാന സമ്മേളനത്തിന് നിർണ്ണായക പ്രാധാന്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സാമൂഹ്യനീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ അദ്ധ്യാപക പ്രസ്ഥാനങ്ങൾക്ക് വലിയ പങ്ക് നിർവ്വഹിക്കാനുണ്ട്. അതിന്റെ ഭാഗമായി ഈ സമ്മേളനം പരിണമിക്കും. കോഴിക്കോട് സർവ്വകലാശാലാ സിൻഡിക്കേററംഗം പ്രൊഫ. പി. ശ്രീധരൻ, പൊന്നാനി മുനിസിപ്പൽ ചെയർമാൻ പ്രൊഫ. എം. എം. നാരായണൻ, ഇ.എൻ.മോഹൻദാസ്, പ്രൊഫ. ദേവദാസ് (എ.കെ.ജി.സി.ടി.), സുന്ദരരാജൻ (എൻ.ജി. ഒ. യൂണിയൻ), പി.കെ. മുരളീധരൻ (എൻ.എഫ്.പി.ഇ.), സുനിൽ പി. നായർ (കെ.എൻ.ടി.എസ്.എഫ്.), ഫൗസിയാ ടീച്ചർ (കെ.എസ്.ടി.എ.) തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു. എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രസിഡന്റ് പ്രൊഫ. കുട്ടികൃഷ്ണൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ആർ. മോഹൻകുമാർ സ്വാഗതവും സംസ്ഥാന സെക്രട്ടറി എം. സഫറുദ്ദീൻ നന്ദിയും പറഞ്ഞു.

സമ്മേളനത്തിന്റെ ലോഗോ പ്രകാശനം പ്രൊഫ. എം. നാരായണൻ നിർവ്വഹിച്ചു.


# KASI BOOKS

**DISTRIBUTORS & LIBRARY SUPPLIERS**

Office: Nediyasala P. O., Thodupuzha - 685584
Shop: Jinadevan Smaraka Building, Manakad Road,
Thodupuzha, Kerala

**LEADING DISTRIBUTOR OF BOOKS ON**

**English Literature, Social Sciences, Education etc.**

The moment you order for books,
Right they arrive at your doors!

Phone; 04862 - 273596, 229224
Mob: 9447743596 , 9388812570
e-mail: kasibooks@rediffmail.com
kasibooks@yahoo.co.in

## The All kerala Private College Teachers' Association

To
**The Honorable Minister for Education,**
Government of Kerala,
Thiruvananthapuram.

Sir,

Sub: - AICTE scheme- Private Engg College Teachers- Grievences-reg.

We submit the following long pending grievances for your kind consideration and necessary favorable action.

1. **Advance increments as incentives for Ph. D holders- our representation, 632/05 dated 8-11-05**

Ref: - (i) AICTE order, F.No. 1-65/CD/NEC/98-99 dt. 15-3-2000
(ii) GO (P) NO.171/99/H. Edn dt. 21-12-1999
(iii) Lr. From AICTE, F. No. FD/PSSC/Clarif/2003/I dt. 10-9-2003

Advance increments are incentives for higher qualification incorporated in the AICTE scheme with a view to retain the best talents in the teaching field. As per the original AICTE order, paper cited as ref. (i) above, a teacher will be eligible for two advance increments as and when he acquires a Ph. D degree in his service career (Para 6.0.d). Further, as per GO cited as ref. (vi) above, the government order for implementation of UGC scheme including revision of pay scales of teachers of Universities and Colleges in Kerala, "A teacher will be eligible for two advance increments as and when he/she acquires a Ph. D in his/her service career"(para6.19).

It has been clarified by AICTE that in matters such as incentives for higher qualifications are concerned, it will follow the same rules and regulations, which are being followed by UGC-ref (iii).

Under these circumstances, we find no justification for the denial of this incentive to the eligible teachers of engineering colleges covered by the AICTE scheme. Hence, we request you to take urgent steps for granting two advance increments to all eligible teachers irrespective of whether he/she being a lecturer/ Asst Professor/Professor as when he/she acquires a Ph. D degree in his/ her service career.

2. **Counting of Q1P period /LWA period for higher studies as part of duty for placements as per GO 81/ 90 dt 27-3-1990.**

Ref: - (iv) Our representation, 625/05 dt 1-10-05 to the DTE
(v) Our representation, 634/05 dt. 5-12-05 to the DTE
(vi) Lr. No. DP3/30090/2004 dt. 30-10-2005 from Jt. Dir. III C, DTE
(vii) Lr. No. DP3/30090/2004 dt. 10-3-06, DTE
(viii) GO (MS) No. 83/83/H. Edn dt. 2-5-1983
(ix) GO (P) No. 81/90/H.Edn dt. 27-3-1990

Item no. (iv) of section I of the GO cited as ref. (viii) says, "The period of deputation including the time taken for to and fro journey for QIP of teachers will be treated as duty". The government has so far not amended this rule. An examination of the various senior scale/ selection grade placements granted in early 1990s as per GO ref.(ix) cited above will reveal the fact that the period of Quality Improvement Programme for higher studies(M. Tech/Ph. D) was counted as part of duty. But, now, the Director of Technical Education has denied this benefit to some of the teachers of the TKM. College of Engg, Kollam (ref. vii, viii & ix). According to the DTE, GO cited as ref. (ix) does not permit the QIP period to be counted as part of duty and hence this benefit can be granted only w.e.f 1-1-96.

This argument of the DTE is not correct since the GO cited as ref. (ix) do not say that the period of deputation for higher studies under QIP has to be excluded from the service for senior scale/ selection grade placements. According to GO cited as ref. (viii), QIP period has to be counted as part of duty. Moreover, the period of deputation for higher studies (M. Tech/Ph. D) under the Quality Improvement Programme is being counted for cadre promotions such as Asst. Professor/ Professor. It had never been a matter of dispute for cadre promotions. Senior scale placements/ Selection grade placements are in effect consolation for those qualified teachers who have no chance for cadre promotions *to* the post of Asst. professors. For promotion to the post of Asst. Professor, 5 years service as lecturer is the experience requirement and, for this, the QIP period is being treated as part of duty whereas for senior scale/ selection grade placements, QIP period prior to 1-1-96 is not being considered. This is discriminatory and misinterpretation of the rules.

3. **Revised Career Advancement Scheme for Teachers Under AICTE Scheme:**

Ref:- (x) F. No. FD/PSSC/ Clarif/2OO3/I dt. 10-9-2003

The AICTE has issued fresh guidelines for the career Advancement Scheme in the case of teachers covered by the AICTE scheme (Appendix-I, Ref. (x)). The main recommendations are:

(i) Selection grade lecturers having Master's degree and/or fulfilling other requirements for promotion as Assistant Professor, if found suitable, could be given the designation of Assistant Professor. There is no financial commitment for doing so since the pay scales of selection grade lecturers and Assistant Professors are the same. This is similar to the provision in UGC scheme of giving the designation of Reader for those Selection grade lecturers who have Ph. D (section 6. 26, Ref. (ii)).

(ii) An Assistant Professor with a minimum of 8 years of service in that grade will be eligible to be considered for appointment as a Professor. For this, the AICTE has further recommended that in addition to the sanctioned position of Professors, promotion may be made from the post of Assistant Professor after 8 years of service as Assistant Professor.

We request to take necessary steps at the earliest for incorporating the above guidelines in the Career Advancement Scheme. Universities may be directed to incorporate these guidelines in the relevant Statutes/regulations.

4 **Sanctioning of M. Tech courses in Aided Engineering Colleges**

The number of seats for Post graduate courses in engineering is not commensurate with the number of B. Tech graduates passing out from the different colleges of the state. Hence a dearth of post graduates in engineering is widely felt in the technical education field of Kerala.

The situation will be much improved if facilities for post graduate education in the engineering field in the state are widened. This can be accomplished by providing more M. Tech seats in the different govt. /aided colleges of the state.

The private aided engineering colleges (TKM. College of Engg, Kollam, MA. College of Engg, Kothamangalam and NSS. College of Engg, Palakkad) are quite old and well equipped to run M. Tech courses in the different disciplines. Hence we request for necessary steps in this regard.

5 **Promotion as per 1:2:4 Patterns.**

Ref: (xi) GO (P) 68/2000/H. Edn dt. 18-5-2000

(xii) GO (P) 81/90/H. Edn dt 27-3-1990

As per Para 3.10.2 of the order, GO (P) 68/2000/H.Edn. dt 18.5.2000, the desirable ratio for Professor; Asst. Professor: Lecturer will be fixed as 1:2:4 as per the norms of AICTE. Before the introduction of the AICTE Scheme of 1986, implemented vide order, GO (P) No. 81/90/ H. Edn dt. 27-3-1990, non cadre Asst. Professorship and Professorship were in vogue for teachers completing 10 years and 20 years. This system of non cadre promotions was dispensed with when the AICTE scheme of 1986 was implemented in 1990. Even many unqualified teachers who became non cadre Asst. Professors before the arbitrary cut off date of 28-2-1989 were protected. This gave rise to a lot of dissatisfaction to teachers who were left out by a small period to become eligible for non cadre Asst Professorship/ Professorship. Non cadre asst. Professorship/ Professorship was allowed to avoid stagnation and thereby help improve motivation.

In the AICTE scheme, there is no provision for non cadre Asst. Professorship/ Professorship. But as per order cited above, the order by which the revised AICTE scheme was implemented, the desirable ratio for Professor: Asst. Professor: Lectureris 1:2:4. The AICTE scheme was implemented to improve the quality of technical education by attracting and retaining the best talents in the teaching field of engineering education. As per the order, GO (P) 68/2000/H. Edn dt. 18.5.2000, teachers can be promoted as Professors/ Asst. Professors in accordance with the pattern 1:2:4. Our representation dated 8-9-2004 to the Hon'ble minister for education is pending with the higher education department File no. is 26905/J3/2004/H .Edn.

6 **Placement to Selection grade after 11 years.**

Ref: - (xiii) GO (P) No. 59/2004/H. Edn (C) dt. 7-6-2004

The Govt. have issued orders vide ref. (xiii) enabling those college teachers coming under the UGC scheme who have been placed in the senior scale after 8 years of service to get the placement in the selection grade as and when they complete 11 years of service Despite many representations and follow ups, this facility is still not extended to teachers of engineering colleges covered under the AICTE scheme. As per letter from the AICTE (ref.(iii)), it had been clarified that the AICTE will follow the same rules and regulations which are being followed by UGC in similar type of cases as far as career advancement scheme is concerned. The file is pending in the Higher education department, file no. 20029/G1/2004/H. Edn dt. 20-10-2005.

12.01.2007
Thiruvananthapuram

Mohanakumar
GeneralSecretary,
AKPCTA

(1)
GOVERNMENT OF KERALA
Abstract

Pay Revision 2004 - Teachers etc. coming under UGC/AICTE in State service - Merger of 50% Dearness Allowance w.e.f. 1-7-2004-Sanctioned-Ordersissued

FINANCE (Pay Revision Anomaly Rectification Cell) DEPARTMENT
G.O.(P)No.38/07/(33)/Fin Dated, Thiruvananthapuram, 31-01-2007

Read: 1) G.O.(P)No.145/06/Fin dated 25-3-2006,
2) Office Memorandum No.F.No,105/1/2004/IC dated 1-3-2004 of Government of India.
3) Letter No.F.3-7/2004(PS) dated 4-8-2004 of University Grants Commission.

ORDER

As per the G.O. read above as 1st, scales of pay of State Government employees have been revised with effect from 1-7-2004. The Teachers etc. on UGC/AICTE scales of pay in the State Service, who are on Central pattern of scales of pay, are not covered by the pay revision of State Government employees. As per Office Memorandum of Government of India read as 2nd, Deamess Allowance equal to 50% of the existing basic pay of Central Government employees has been merged with the basic pay and shown it distinctly as Dearness Pay, with effect from 1-4-2004. The DA in excess of 50% so merged, is applied to both basic pay and deamess pay. As per the letter read as 3 , the University Grants Commission has requested all State Governments to take appropriate action in line with the Office Memorandum. The Organisations of the Teachers etc. have demanded extension of the benefits allowed in the Office Memorandum, to the Teachers etc. on UGC/AICTE in State Government service.

2. After having examined the matter in detail, Government are pleased to order that 50% Deamess Allowance of Teachers etc. on UGC/AICTE scales of pay (including Medical Education Service) in the State service will be merged with the basic pay with effect from 1-7-2004 as indicated below:

(i) DA equal to 50% of the basic pay so merged as on 1-7-2004 will be shown distinctly as Dearness Pay (DP).

(ii) The rate of DA in excess of 50% so merged, will be applied to the Basic Pay + Dearness Pay. Thus, after merger, DA as on 1-7-2004 will he 14%.( 64% - 50%)

(iii) Payment in cash on account of the merger of DA will be granted from 1-1-2007 only.

(iv) Arrears on account of the merger of DA payable from 1-7-2004 to 31-12-2006 will be credited to the PF account of the employee. The arrears will not be withdrawn from PF account till 31-3-2010, except in the case of those who are retiring before 31-3-2010, in which case the arrears will be released on their retirement. Arrears may be claimed with a Provident Fund Schedule attached for crediting the amount to the PF account of the employee. Interest on the arrears credited to the PF account will accrue from the first date of the month in which the bill is passed by the Treasury. In the case of employees who have opted not to subscribe to PF account during the last one year of service and in those cases where it is not obligatory to maintain PF account, arrears will be paid in cash, in the ease of ihose employees who have not started subscription to PF, the drawal of arrears will be deferred, which shall be drawn and deposited as and when the PF account is opened.

(By order of the Governor)
**K. Jose Cyriac.**
Principal Secretary (Finance)

(2)
GOVERNMENT OF KERALA
Abstract

ELIGIBILITY FOR FAMILY PENSION TO PARENTS AND UNMARRIED DAUGHTERS ABOVE 25 YEARS OF AGE—ENHANCEMENT IN INCOME LIMIT—ORDER ISSUED

FINANCE (PENSION-B) DEPARTMENT
G. O. (P) No. 482/2006/Fin. Dated, Thiruvananthapuram, 28th November, 2006.

*Read:—* *1.* G. O. (P) No. 1230/96/Fin. dated 17-12-1996.
2. G O. (P) No. 26/2000/Fin. dated 6-1-2000.

ORDER

As per the Government Order referred to first above, Government have enhanced income limit referred to in Rule 90 [6A(i)] of Part III KSRs as Rs. 4,800 per annum enabling parents of deceased Government Servants solely dependent on the deceased for maintenance and have no other source of income and support for maintenance to revise Family Pension. As per the Government Order second cited, the annual income limit for getting Family Pension to the unmarried daughter above 25 years of age is also fixed as Rs. 4,800 per annum as in the case of parents. Representations have been received to enhance the limits of the above annual income.

2. Government after having examined the matter, are pleased to order that the income limit referred to Rule 90 [6A(i)] of Part III KSRs and in the case of unmarried daughters above 25 years of age will be raised to Rs. 6,000 per annum.

3. These orders will take effect from 1-10-2006. Necessary amendment to the relevant Rules in KSR Part III will be issued separately.

By order of the Governor,
K. JOSE CYRIAC,
*Principal Secretary (Finance).*

(3)

**University Grants Commission**
**Bahadur Shah Zafar Marg**
**New Delhi 110002**

No. F. 2-16/2002 (PS) January, 2007

The Registrar,
All Universities

13 JAN 2007

The Education Secretaries
All State Governments & Union Territories

The Officer Incharge
All Regional Offices of UGC

**Sub.: Regarding the Extension of the date upto 30th June, 2007 for participation in Orientation/Refresher Courses in respect of Teachers/Assistant Librarian/College Librarian/Assistant Director of Physical Education/College Director of Physical Education for placement/promotion under Career Advancement Scheme.**

Sir/Madam,

I am directed to inform you that the issue of participation in orientation/refresher courses, in respect of eligible Teachers/Assistant Librarian/College Librarian/Assistant Director of Physical Education/College Director of Physical Education for placement/promotion under Career Advancement Scheme was considered by the Commission at its meeting held on 27.12.2006. The Commission resolved to extend the date for participation in Orientation/Refresher Courses in respect of Teachers/Assistant Registrars/Assistant Librarian/College Librarian/Assistant Director of Physical Education/College Director of Physical Education upto 30th June, 2007 for the purposes of Career Advancement.

This is for your information and necessary action.

The above decision may also be brought to the notice of Colleges affiliated to your University urgently.

Yours faithfully
(Mrs. Shashi Munjal)
Under Secretary

അഭിനന്ദനങ്ങൾ



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും മലയാളത്തിൽ ഡോക്ടറേറ്റ് നേടിയ ആലുവ സെന്റ്സേവ്യേഴ്സ് വനിതാ കോളജ് അധ്യാപിക **എം. പി. വിജയലക്ഷ്മി.** *പരിസ്ഥിതി ദർശനം കവിതയിൽ (വിശേഷ പഠനം : അയ്യപ്പപ്പണിക്കർ, ഡി. വിനയചന്ദ്രൻ, കെ. ജി. ശങ്കരപ്പിള്ള)* എന്ന വിഷയത്തെ അധികരിച്ച് മഹാരാജാസ് കോളജിലെ ഡോ. വി. കെ. കൃഷ്ണക്കൈമളിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കേരള സർവ്വകലാശാലയിൽ നിന്ന് ചരിത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ച ചെമ്പഴന്തി ശ്രീനാരായണ കോളജിലെ അദ്ധ്യാപിക **ലേഖ കെ. നായർ** *Treatment of History, in the Works of Sardar K. M. Panikkar'* എന്ന വിഷയത്തിൽ കേരള സർവ്വകലാശാല ചരിത്ര വകുപ്പ് പ്രൊഫസറും മുൻമേധാവിയുമായ ഡോ. കെ. കെ. കുസുമന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കേരള സർവകലാശാലയിൽ നിന്നും രസതന്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ ചെമ്പഴന്തി എസ്. എൻ. കോളജ് അദ്ധ്യാപകൻ കെ. വിജയകുമാർ. *Synthesis characterisation and Thermal studies of some Lanthanide (III) Complexes with semi carbozone and thio semi carbozone* എന്ന വിഷയത്തിൽ കേരള യൂണിവേഴ്സിററി രസതന്ത്ര വിഭാഗം മേധാവി ഡോക്ടർ പി. ഇന്ദ്രസേനന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



ജിവാജി യൂണിവേഴ്സിററിയിൽ നിന്നും (ഗ്വാളിയോർ) ഫിസിക്കൽ എഡ്യുക്കേഷനിൽ പി.എച്ച്.ഡി. ബിരുദം നേടിയ ഇരിങ്ങാലക്കുട ക്രൈസ്ററ് കോളജ് ബി.പി.ഇ. വിഭാഗം അദ്ധ്യാപകൻ **അരവിന്ദ ബി.പി.**



കൊച്ചിൻ യൂണിവേഴ്സിററിയിൽ നിന്നും മറൈൻ സയൻസിൽ പി. എച്ച്.ഡി.ബിരുദം നേടിയ ഇരിങ്ങാലക്കുട ക്രൈസ്ററ് കോളജ് സുവോളജി വിഭാഗം അദ്ധ്യാപകൻ **പയസ് കെ.ജേക്കബ്.**



യു. ജി. സിയിൽ നിന്നും റിസർച്ച് അവാർഡ് ലഭിച്ച ഒററപ്പാലം എൻ. എസ്. എസ്. കോളജ് കോമേഴ്സ് വിഭാഗം അദ്ധ്യാപിക **ഡോ.പി.വസന്തകുമാരി**

അഭിനന്ദനങ്ങൾ

R.No. 36025/81
No. 204

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2006-2008
Rs. 11/- FEBRUARY 2007

# എ.കെ.പി.സി.ടി.എ

# 49-ാം

# സംസ്ഥാന സമ്മേളനം

**2007 മാർച്ച് 9,10,11**

**കോട്ടയ്ക്കൽ** മലപ്പുറം ജില്ല

- പ്രതിനിധി സമ്മേളനം
- ഉദ്ഘാടന സമ്മേളനം
- വിദ്യാഭ്യാസ-സാംസ്കാരിക ട്രേഡ് യൂണിയൻ സമ്മേളനം
- ആർ.ആർ.സി.അനുസ്മരണ പ്രഭാഷണം
- പ്രകടനം
- പൊതു സമ്മേളനം
- ക്ഷേമനിധി വിതരണം
- യാത്രയയപ്പ് സമ്മേളനം

## സാമൂഹ്യനീതിതന്നെ ഗുണമേന്മ

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpcta@sancharnet.in, www.akpcta.org at Akshara Offset, Tvpm, Ph: 2471174 Typeset: Genial Printers, Tvpm-01, Ph: 3012141
Chief Editor: Dr. S. Jayaraj Kumar